# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.17/158/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

സർ,

വിഷയം : ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)
2)റീജിയണൽ ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
3)കാര്യാലയ കോപ്പി

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.17/158/22 തീയ്യതി: 22/03/2022

## കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീ ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രഞ്ജിത്ത് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഷാജിമോൻ പി. ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കൃഷ്ണപ്രിയ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വി. കെ. കബീർ | ചെയർമാൻ | 01-04-2019 | 23-08-2019 |
| ബൽക്കീസ് നവാസ് | ചെയർപേഴ്സൺ | 24-08-2019 | 17-09-2019 |
| ലൈല പരീത് | ചെയർപേഴ്സൺ | 18-09-2019 | 18-09-2019 |
| ബൽക്കീസ് നവാസ് | ചെയർപേഴ്സൺ | 19-09-2019 | 12-11-2019 |
| വി. എം. സിറാജ് | ചെയർമാൻ | 13-11-2019 | 31-03-2020 |
| സാനന്ദ്സിങ്ങ് ബി. | സെക്രട്ടറി | 01-04-2019 | 19-03-2020 |
| സജി എം. എസ്. | സെക്രട്ടറി | 20-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. സജ്ജ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| സന്ധ്യ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ആൻസി | പ്രിൻസിപ്പൽ(ഗവ. എച്ച്.എസ്.എസ്.) | 01-04-2019 | 31-03-2020 |
| ഡോ. സണ്ണി മാത്യൂ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ബിജോയ് ബി. ജി. | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I | 25-09-2019 | 31-03-2020 |
| അതുല്യ എ. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-01-2020 |
| ഷിജ്ജ സി. എസ്. | മുനിസിപ്പൽ എഞ്ചിനീയർ | 01-02-2020 | 31-03-2020 |
| ശോഭനകുമാരി എം. പി. | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. നിഹാൽ മുഹമ്മദ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 22-06-2019 |
| ഡോ. ശ്രീജിത്ത് വിജയൻ | മെഡിക്കൽ ഓഫീസർ,(പി എച്ച്സി) | 23-06-2019 | 01-10-2019 |
| ഡോ. നിഹാൽ മുഹമ്മദ് | മെഡിക്കൽ ഓഫീസർ,(പി എച്ച്സി) | 02-10-2019 | 31-03-2020 |

01.04.2019 മുതൽ 24.09.2019 വരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഒഴിവായിരുന്നു

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 19-01-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 07-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-10 |
| 11 | രസീതുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ<br>Written By: Krishnapriya.S (Auditor, On 18-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-11 |
| 12 | നിലവിലുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിക്കാതെ വിപുലീകരിച്ച ഭാഗത്തിന് മാത്രമായി നികുതി നിർണ്ണയിച്ച - അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കണം<br>Written By: Sivaraj P (Senior Grade Auditor, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 19-01-2022)<br>Last Updated By: Lekha V (Audit Officer, On 21-01-2022) | 1-13 |
| 14 | കരാർ നടപടികൾ സ്വീകരിക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നു<br>Written By: Ranjith M (Senior Grade Auditor, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-14 |
| 15 | വാടക ഈടാക്കാൻ നടപടി സ്വീകരിക്കണം<br>Written By: Ranjith M (Senior Grade Auditor, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-15 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 19-01-2022)<br>Last Updated By: Lekha V (Audit Officer, On 21-01-2022) | 1-16 |

| | | |
|---|---|---|
| 17 | നഗരസഭാ വസ്തുവിലെ തേക്കമരങ്ങൾ മുറിച്ചുമാറ്റിയത്. തടികൾ നശിച്ചുപോകാനുള്ള സാദ്ധ്യത നിലനില്ക്കുന്നു<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-17 |
| 18 | സാമൂഹിക സുരക്ഷാപെൻഷൻ-പെൻഷണർ മരണമടഞ്ഞതിനുശേഷവും പെൻഷൻ വിതരണം നടത്തിയിരിക്കുന്നു<br>Written By: Lekha V (Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-18 |
| 19 | സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Krishnapriya.S (Auditor, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-19 |
| 20 | ബഡ്സ് സ്കൂളിലേയ്ക്ക് വാങ്ങി നൽകിയ പേപ്പർ ക്യാരി ബാഗ് മെഷീൻ - ഉപയോഗരഹിതം<br>Written By: Lekha V (Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-20 |
| 21 | പാലിയേറ്റീവ് കെയർ പ്രോഗ്രാം പദ്ധതി - മരുന്ന് പൂർണ്ണമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം<br>Written By: P B Shajimon (Auditor, On 20-01-2022)<br>Last Updated By: S Shyju (Senior Deputy Director, On 22-03-2022) | 1-21 |
| 22 | സൗരറാന്തൽ -എസ്.സി വിഭാഗം - അധിക നിരക്കിൽ സബ്സിഡി നല്കിയത് നിരാകരിക്കുന്നു<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-22 |
| 23 | പി.എം.എ.വൈ വിഹിതം നല്കൽ - ഭവനനിർമ്മാണം നടത്തിയില്ല<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-23 |
| 24 | അങ്കണവാടി തൊഴിലാളികളുടെ പ്രതിഫല തുക 10.95 ലക്ഷം രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം<br>Written By: Sivaraj P (Senior Grade Auditor, On 07-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-24 |
| 25 | മരാമത്ത് പ്രവൃത്തി -ഗുണഭോക്തൃ സമിതിക്ക് ഓവർഹെഡ് ചാർജ് അധികം നൽകി<br>Written By: Shanti George (Asst. Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-25 |
| 26 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് അർഹമായതിലും അധികമായി വേതനം നൽകി<br>Written By: Shanti George (Asst. Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-26 |
| 27 | നഗരസഭാ ഓഫീസ് കെട്ടിട നിർമ്മാണം പണി മുടങ്ങി ഫണ്ട് നഷ്ടമായി - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shanti George (Asst. Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-27 |
| 28 | നിക്ഷേപ പ്രവൃത്തികൾ -പൂർത്തീകരിച്ചില്ല<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 1-28 |
| 29 | മാലിന്യസംസ്കരണപ്ലാന്റിന് സ്ഥലം വാങ്ങൽ - ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ranjith M (Senior Grade Auditor, On 22-01-2022) | 1-29 |
| 30 | റോഡിതരമെയിന്റനൻസ് ഗ്രാന്റ് - ഭവനപുനരുദ്ധാരണ പ്രോജക്ടിന് | 1-30 |

| | | |
|---|---|---|
| | വിനിയോഗിച്ചത്- സർക്കാർ ഉത്തരവിന്റെ ലംഘനം<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സൗരറാന്തൽ -എസ്.സി വിഭാഗം.അധിക നിരക്കിൽ സബ്സിഡി നല്കിയത് - നിരാകരിക്കുന്നു<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 06-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 14-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 06-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 20-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 07-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 07-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 07-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 19-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 07-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 07-01-2022)<br>Last Updated By: S Shyju (Senior Deputy Director, On 22-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ ബജറ്റ് നഗരസഭ ഭരണസമിതിയുടെ 28/02/2019 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 16,115,152/- | 23,710,002/- |
| വരവ് | 447,613,668/- | 163,512,961/- |
| ആകെ | 463,728,820/- | 187,222,963/- |
| ചെലവ് | 411,507,992/- | 153,500,165/- |
| നീക്കിയിരിപ്പ് | 52,220,828/- | 33,722,798/- |

ബജറ്റ് പ്രകാരം 44.76 കോടി രൂപയുടെ പ്രതീക്ഷിത വരവും 41.15 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 9.37കോടി രൂപയും ചെലവ് 16.60 കോടി രൂപയുമാണ്. യഥാർത്ഥ വരുമാന-ചെലവ് കണക്കുകളുടെ 3 ഇരട്ടിയോളമാണ് ബജറ്റിൽ കണക്കാക്കിയത്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ-286 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-293 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് നഗരസഭ കൗൺസിൽ ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

ഈരാറ്റുപേട്ട നഗരസഭയുടെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 93,750,089/- രൂപയും ചെലവ് 166,039,890/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 72,289,801/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 99,162,081/- രൂപയും ബാധ്യതകളുടെ മൂല്യം 164,501,578/- രൂപയും ജനറൽ ഫണ്ട് -(65,339,497/-) രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. KURDFC വായ്പ 31/03/2020 തീയതിയിലെ 10.112 കോടി രൂപയ്ക്ക് ആനുപാതികമായ ആസ്തിമൂല്യം Prepaid Programme Expense ആയി അക്കൌണ്ട് ചെയ്തിട്ടില്ല. ആസ്തി അക്കൌണ്ട് ചെയ്യപ്പെടാതിരുന്നതിനാൽ 31/03/2020 തീയതിയിലെ ജനറൽ ഫണ്ട് നെഗറ്റീവ് തുക വന്നിരിക്കുന്നു.
2. 31/03/2020 തീയതിയിലെ നഗരസഭ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകൾ ലഭ്യമല്ല.
3. SBI തനത് ഫണ്ട്, ട്രഷറി TSB എന്നീ ബാങ്ക് അക്കൗണ്ടുകളുടെ മാർച്ച്-2020 റീക്കൺസിലേഷൻ ചെയ്തത് 31/03/2020 ലെ സ്ക്രോൾ പ്രകാരമുള്ള ബാലൻസ് തെറ്റായി രേഖപ്പെടുത്തിയാണ്.
4. നഗരസഭയ്ക്ക് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ രജിസ്റ്റർ എ.സി.ആർ. മാതൃകയിൽ സൂക്ഷിച്ചിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി എ.സി.ആർ. സൂക്ഷിക്കേണ്ടതാണ്.
5. നഗരസഭ ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, പ്രോജക്ട്/പ്രവൃത്തി, നിക്ഷേപ കാലയളവ്, രസീത് നം.) വ്യക്തമാക്കുന്ന

രജിസ്റ്റർ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ്, തൻവർഷ വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

6. 31/03/2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക നിക്ഷേപം(Rent Deposit) ഇനത്തിൽ നഗരസഭ ഫണ്ടിൽ അവശേഷിക്കുന്നത് 15.47 ലക്ഷം രൂപയാണ്. ഏതെല്ലാം കുത്തകക്കാരാണ് പ്രസ്തുത തുക ഒടുക്കിയിട്ടുള്ളത് എന്നത് വാടക രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല. വാടക നിക്ഷേപത്തിന്റെ കണക്കുകൾ തയ്യാറാക്കിയിട്ടില്ല.
7. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
8. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല(അബ്സ്ട്രാക്ട് പ്രകാരം മൂല്യശോഷണ തുക 3,232,416/- രൂപയുടെ ഷെഡ്യൂൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല).
9. ട്രേഡർ-സ്ഥാപന തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ അക്രൂവൽ വരവിനങ്ങളുടെ ഡിമാന്റ് കൃത്യമായി കണക്കാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളിലെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.
10. 2019-20 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി 410300101-Roads-Cement Concrete ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷ റോഡ് ആസ്തികൾ 31/03/2020 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.
11. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
12. I-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.
13. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
14. ജീവനക്കാരുടെ മാർച്ച്-2020 മാസത്തെ ശമ്പളം 31/03/2020 ന മുൻപായി അക്രൂവൽ ആയി അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ 3/2020 ശമ്പള തുക ബാധ്യതയായി 31/03/2020 ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.
15. ഗുണഭോക്തൃ വിഹിതമായി മുന്നിരിപ്പുണ്ടായിരുന്ന 6,305/- രൂപ ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണ് എന്നത് വ്യക്തമല്ല.
16. 303/20 നം. പ്രോജക്ടിന്റെ തനത് ഫണ്ട് ചെലവ് 242,372/- രൂപ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
17. 2019-20 വർഷം പൂർത്തിയാക്കാതെ പാർട്ട് ബിൽ മാത്രം നൽകിയ പശ്ചാത്തല മേഖലയിലെ പ്രോജക്ടുകളുടെ ആസ്തിമൂല്യം Capital Work In Progress ആയി 31/03/2020 ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.
18. 31/03/2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം അക്രൂവൽ വരവിനങ്ങളിൽ ലഭിക്കാനുള്ള സ്ഥാപന തൊഴിൽ നികുതി, പരസ്യ നികുതി, ലൈസൻസ് ഫീസ്, മറ്റ് ഫീസ് ഇനങ്ങളുടെ ഡി.സി.ബി., ഒടുക്കാനുള്ള വ്യക്തി/കുത്തകക്കാരൻ/സ്ഥാപനം, കാലയളവ് എന്നിവ ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല. 2019-20 വർഷത്തിനു മുൻപുള്ള കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
19. 431300299-Receivables For Other Fees(Arrears) ഇനത്തിൽ ലഭിക്കാനുള്ള 153,340/- രൂപ ഏതിനം വരവാണ് എന്ന് വ്യക്തമല്ല.
20. ഡെപോസിറ്റ് പ്രവൃത്തികൾക്കായി ഭൂജല വകുപ്പിൽ 76,170/- രൂപ നിക്ഷേപിച്ചത് നിക്ഷേപ

ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

21. ജീവനക്കാരുടെ തൊഴിൽ നികുതി 2,676,498/- വരവ് തൊഴിൽ നികുതി സ്ലാബ് പ്രകാരമുള്ള 10 ന്റെ ഗുണിതമല്ല. നഗരസഭ ജീവനക്കാരുടെ തൊഴിൽ നികുതി 70,800/- രൂപയുടെ വരവ് ശമ്പള റിക്കവറിയായി അക്കൗണ്ട് ചെയ്തതുമൂലം റിസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

നഗരസഭയുടെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 23,710,002/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 163,512,961/- |
| ആകെ | 187,222,963/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 153,500,165/- |
| നീക്കിയിരിപ്പ് | 33,722,798/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,50,011/- |

## 1-4 ഫണ്ട് വിനിയോഗം

ഈരാറ്റുപേട്ട നഗരസഭയുടെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14,173,000/- | 14,173,000/- | 13,150,636/- | 1,022,364/- | 92.79 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 977,000/- | 977,000/- | 440,600/- | 536,400/- | 45.10 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 725,000/- | 725,000/- | 219,834/- | 505,166/- | 30.32 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9,546,000/- | 9,546,000/- | 5,310,002/- | 4,235,998/- | 55.63 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 6,439,000/- | 6,439,000/- | 2,520,013/- | 3,918,987/- | 39.14 |
| മെയിന്റനൻസ് ഗ്രാന്റ്-Non | 0 | 4,692,000/- | 4,692,000/- | 3,241,675/- | 1,450,325/- | 69.09 |

| | | | | | | |
|---|---|---|---|---|---|---|
| Road | | | | | | |
| സ്വച്ച് ഭാരത് അഭിയാൻ | 6,930,699/- | 420,277/- | 7,350,976/- | 784,500/- | 6,566,476/- | - |
| NULM | 261,514/- | 1,544,205/- | 1,805,719/- | 656,350/- | 1,149,369/- | - |
| PMAY | 3,545,902/- | 54,390,957/- | 57,936,859/- | 45,157,987/- | 12,778,872/- | - |
| SGRY | 1,627/- | 0 | 1,627/- | 0 | 1,627/- | - |
| സാക്ഷരത ഗ്രാന്റ് | 52,579/- | 1,577/- | 54,156/- | 25/- | 54,131/- | - |
| പ്രത്യേക ഗ്രാന്റ് | 58,702/- | 5,927/- | 64,629/- | 0 | 64,629/- | - |

വികസന ഫണ്ടിന്റെ ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും സംസ്ഥാന ബജറ്റ് പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് -ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക G.O. Project | ആകെ അറ്റ അലോട്ട്മെന്റ് ACR |
|---|---|---|---|---|---|
| വികസന ഫണ്ട്- General | 14,173,000/- | ഇല്ല | 14,173,000/- | 353/20-8,226,666/- | 5,946,334/- |
| വികസന ഫണ്ട്- SCP | 977,000/- | ഇല്ല | 977,000/- | 385/20-40,000/- | 937,000/- |
| വികസന ഫണ്ട്- TSP | 725,000/- | ഇല്ല | 725,000/- | 386/20-13,334/- | 711,666/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൌണ്ട് ചെയ്യുതിലെയും ജി.ഓ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- 18/08/2018 ലെ സ.ഉ.(എം.എസ്.) നം.2278/2018/തസ്വഭവ പ്രകാരം KURDFC ലോൺ തിരിച്ചടവ് 2019-20 വർഷം മുതൽ 15 വർഷത്തേക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന ഫണ്ടിന്റെ 20 ശതമാനത്തിൽ കവിയാതെയുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്യുന്നതിനാണ് നിശ്ചയിച്ചത്. എന്നാൽ 2019-20 വർഷം വികസന ഫണ്ടിന്റെ 58% കുറവ് ചെയ്തിരിക്കുന്നു.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ 6 എണ്ണത്തിന്റെ വിനിമയം അക്കൗണ്ട് ചെയ്യുന്നത് 320100100 എന്ന ഒരു ശീർഷകത്തിലാണ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമാകുന്ന 2019-20 ലെ വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സംക്ഷിപ്തം എന്നിവ ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റെയും എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
- പ്രത്യേക ഗ്രാന്റായി നിലനിൽക്കുന്ന 64,629/- രൂപ ഏതിനത്തിലുള്ള ഫണ്ടാണ് എന്ന് വ്യക്തമല്ല.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ കണക്കിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ

സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

1-5 വാർഷികപദ്ധതി അവലോകനം

ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ച 2019-20 വാർഷികപദ്ധതിയിൽ ആകെ ഉൾപ്പെട്ടിരുന്നത് 277 പ്രോജക്ടുകളാണ്.വാർഷികപദ്ധതി രൂപീകരണ മാർഗരേഖകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് പദ്ധതിരൂപീകരണം പൂർത്തിയാക്കിയതെന്ന് മതിയായ തെളിവുകളുടെ അഭാവത്തിൽ ഉറപ്പാക്കാനായിട്ടില്ല.277 പ്രോജക്ടുകളിൽ നടപ്പാക്കപ്പെട്ടത് 122എണ്ണം മാത്രമാണ്.155 എണ്ണം നടപ്പാക്കിയില്ല.സ്പിൽ ഓവർ പ്രോജക്ടുകളായി വാർഷികപദ്ധതിയുടെ ഭാഗമാക്കിയ 76 പ്രോജക്ടുകളിൽ 55 എണ്ണംനടപ്പിലാക്കി.മരാമത്ത് പ്രവൃത്തികളിൽ പെട്ട 58 സ്പിൽ ഓവർ പ്രോജക്ടുകളിൽ 39എണ്ണമാണ് നടപ്പാക്കിയത്.മരാമത്ത് പ്രവൃത്തികളിൽ കൂടുതൽ പ്രോജക്ടുകൾ തയാറാക്കി മുൻ വർഷവും അംഗീകാരം വാങ്ങിയെങ്കിലും നടപ്പിലാക്കുന്നതിന്റെ എണ്ണം കുറവായിരുന്നുവെന്നും സ്പിൽ ഓവറായി തുടർന്നെങ്കിലും 19 എണ്ണം തൻ വർഷവും നടപ്പാക്കിയിട്ടില്ല. 2019-20 ൽ അംഗീകാരം ലഭിച്ചവയിൽ 155 പ്രോജക്ടുകൾ നടപ്പാക്കിയില്ലയെന്നതിൽ നിന്ന് (അംഗീകാരം ലഭിച്ചതിൽ പകുതി എണ്ണം പോലും നടപ്പിലാക്കിയില്ല.) വാർഷിക പദ്ധതി നിർവഹണം വളരെ പരാജയമായിരുന്ന 2019-20ലെന്നാണ് വ്യക്തമാകുന്നത്.

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവ്. |
|---|---|---|---|---|
| മെഡി.ഓഫീസർ ഹോമിയോ | 1 | 1 | 350000 | 350000 |
| കൃഷി ഓഫീസർ | 5 | 3 | 460000 | 89390 |
| സെക്രട്ടറി | 44 | 20 | 21125906 | 10635481 |
| ഹെഡ് മാസ്റ്റർ, എൽ.പി.സ്കൂൾ | 1 | 0 | 200000 | 0 |
| വെറ്ററിനറി സർജൻ. | 8 | 1 | 1435000 | 40000 |
| പ്രോജക്ട് ഓഫീസർനഗരദാരിദ്ര്യനിർമാർജന സെൽ | 5 | 1 | 3261429 | 2000000 |
| ഹെഡ് മാസ്റ്റർ, ഹൈസ്കൂൾ | 3 | 3 | 385000 | 384600 |
| മുനിസിപ്പൽ എൻജിനീയർ. | 201 | 86 | 40960959 | 8828700 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 3 | 4985000 | 1635191 |
| മെഡി.ഓഫീസർ,പി.എച്ച്.സി | 4 | 4 | 1704309 | 1067178 |
| ആകെ | 277 | 122 | 74867603 | 25030540 |

അംഗീകാരം ലഭിച്ചതിൽ 44% പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി അടങ്കൽ തുകയുടെ 33.43% മാണ് വിനിയോഗിച്ചത്.

പ്രോജക്ട് രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ,ഗ്രാമസഭകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമമായിരുന്നില്ല.പ്രോജക്ടുകളുടെ നിർവഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് സർക്കാർ മാർഗരേഖയിൽ നിർദ്ദേശിക്കുന്നുവെങ്കിലും അപ്രകാരം ഉണ്ടായില്ലയെന്നാണ് പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച ഓഡിറ്റിൽ വെളിവായ അപാകതകൾ

വ്യക്തമാക്കുന്നത്.

പദ്ധതി ആസൂത്രണ മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പട്ടികജാതി, പട്ടികവർഗ്ഗങ്ങളിൽ പെട്ടവർ, വനിതകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിങ്ങനെ പ്രത്യകവിഭാഗങ്ങൾക്കായും, അടിസ്ഥാന സേവനങ്ങളായ കുടിവെള്ളം, ശുചിത്വം, മാലിന്യസംസ്കരണം, ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ, റോഡുകൾ, എന്നിവയുടെ നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കായും, ആസ്തി സംരക്ഷണം, സദ്ഭരണം എന്നീ ലക്ഷ്യപ്രാപ്തിക്കായും ഉള്ള പ്രോജക്ടുകൾ വിവിധനിർവഹണ ഉദ്യോഗസ്ഥർ നിർവഹിക്കുന്നതിനായി വാർഷികപദ്ധതിയിലൂടെ ആവിഷ്കരിച്ചുവെങ്കിലും പലതും നിർവഹണം നടത്താതിരുന്നത് വാർഷികപദ്ധതിയുടെ പരാജയമായി. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി അനിവാര്യ വകയിരുത്തലായി ഉൾപ്പെടുത്തിയ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് നടപ്പിലാക്കുകയുണ്ടായില്ല. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ആശ്രയപദ്ധതിക്ക് പ്രോജക്ട് തയാറാക്കിയിരുന്നുവെങ്കിലും നടപ്പാക്കിയില്ല. മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങിയെങ്കിലും അതിർത്തി തിരിച്ച് നഗരസഭയുടെ അധീനതയിലാക്കുകയോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ പോലും ചെയ്തിട്ടില്ല. ഉറവിടമാലിന്യ സംസ്കരണത്തിന് ഗാർഹിക ബക്കറ്റ് കമ്പോസ്റ്റ് എന്ന പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും നടപ്പായില്ല.

കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ നാമമാത്രമായ പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. പശ്ചാത്തല മേഖലയിലുൾപ്പെടെ എൻജിനീയർ നിർവഹണം നടത്തിയ 86 പ്രോജക്ടുകളിൽ ഭൂരിപക്ഷവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. അവയിലാകട്ടെ 38 എണ്ണത്തിനും 50000/ രൂപയിൽ കുറവാണ് ചെലവുള്ളത്.

നടപ്പിലാക്കിയ പല പ്രോജക്ടുകളിലും അപാകതകൾ കാണപ്പെട്ടതിൽ നിന്ന് നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട ഉത്തരവുകളും ,സർക്കാർ നിർദ്ദേശങ്ങളും പാലിക്കുന്നതിൽ വീഴ്ച വരുത്തിയെന്നതാണ്. കൂടാതെ പദ്ധതി ആസൂത്രണ ,മോണിട്ടറിംഗ് പ്രക്രിയകളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ഇടപെടലുകൾ കാര്യക്ഷമമല്ലായിരുന്നുവെന്നും ഓഡിറ്റിൽ വ്യക്തമാകുന്നു.

സർക്കാർ ഗ്രാന്റുകൾ ലാപ്സായത്.

പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ വീഴ്ചമൂലം വാർഷിക പദ്ധതിക്കായി ലഭ്യമായ സർക്കാർ ഗ്രാന്റുകൾ ചുവടെ ചേർക്കും പ്രകാരം ലാപ്സായിട്ടുണ്ട്.

| ഫണ്ട് | വരവ് | ചെലവ് | ലാപ്സായത് |
|---|---|---|---|
| വികസനഫണ്ട്,പൊതുവിഭാഗം | 14173000 | 13150636 | 1022364 |
| വികസനഫണ്ട്,എസ്.സി.പി | 977000 | 440600 | 536400 |
| വികസനഫണ്ട്,ടി.എസ്.പി | 725000 | 219834 | 505166 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9546000 | 5310002 | 4235998 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 6439000 | 2520013 | 3918987 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 4692000 | 3241675 | 1450325. |
| ആകെ | 36552000 | 24882760 | 11669240 |

വാർഷികപദ്ധതിപ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും നഗരസഭയിലെ ജനങ്ങൾക്ക് പദ്ധതി പ്രകാരമുള്ള ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനും ഇച്ഛാശക്തിയോടെ പ്രവർത്തിച്ച് പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഭരണസമിതിയുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം കൊണ്ട് മാത്രമേ സാദ്ധ്യമാവുകയുള്ളു.

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2019-20 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 230 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്.

സാങ്കേതികാനുമതി ലഭിച്ച 123 പദ്ധതികളിൽ 58 എണ്ണം പൂർത്തീകരിച്ചു. തൻവർഷം 24672 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 376 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പച്ചക്കറി കൃഷി സ്ഥലം ഒരുക്കൽ, മഴക്കുഴി നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, തോട് വൃത്തിയാക്കൽ, വഴിയരികിൽ വൃക്ഷത്തൈ നടീൽ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2019-20 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരം വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 3,364,949/- |
| വരവ് | 2019-20 അലോട്ട്മെന്റ് | 5,000,000/- | 5,113,001/- |
| | ബാങ്ക് പലിശ | 113,001/- | |
| | ആകെ വരവ് | 5,113,001/- | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 8,477,950/- |
| ചെലവ് | വേതനം | 6,831,071/- | 8,334,754/- |
| | സാധന ഘടകം | 1,014,360/- | |
| | ശമ്പളം(ഭരണച്ചെലവ്) | 459,353/- | |
| | മറ്റു ചെലവ് | 29,970/- | |
| | ആകെ ചെലവ് | 8,334,754/- | |
| നീക്കിയിരിപ്പ് | | | 143,196/- |

നഗരസഭയിലെ വാർഷിക കണക്കിലെ നീക്കിയിരിപ്പും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്കിലെ നീക്കിയിരിപ്പും തമ്മിൽ 3/- രൂപയുടെ വ്യത്യാസം കാണുന്നു. കേരള ഗ്രാമീൺ ബാങ്കിലെ 40545101025015 നം. അക്കൌണ്ടിലൂടെയാണ് അയ്യങ്കാളി തൊഴിലുറപ്പ് ഫണ്ട് വിനിമയം നടത്തുന്നത്. 320809900 കണക്ക് ശീർഷകത്തിലാണ് പ്രസ്തുത ഗ്രാന്റ് അക്കൌണ്ട് ചെയ്തിരിക്കുന്നത്.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2019-20 വർഷം ഈരാറ്റുപേട്ട നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 678,000/- | 117 |
| തൊഴിൽരഹിത വേതനം | 97,920/- | 68 |
| വിധവാപെൻഷൻ | 3,450,600/- | 612 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 30,000/- | 5 |
| വികലാംഗപെൻഷൻ | 2,244,100/- | 385 |
| വാർദ്ധക്യകാലപെൻഷൻ | 10,956,000/- | 1933 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.01.2022ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 98877/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

നഗരസഭയിലെ ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി

എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. എന്നിരിക്കിലും നഗരസഭയുടെ ആഭ്യന്തരനിയന്ത്രണം വേണ്ടത്ര മെച്ചപ്പെട്ടിരുന്നില്ലയെന്നാണ് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടത്.
വൗച്ചറുകൾ ക്രമമായി നമ്പരിട്ട് സബ് വൗച്ചറുകളുൾപ്പെടെ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും കാര്യക്ഷമമായി നടപടികൾ സ്വീകരിച്ചിട്ടില്ല. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ ,വാടക രജിസ്റ്റർ, വാഹനങ്ങളുടെ ലോഗ് ബുക്ക് തുടങ്ങിയവ മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ട് ഫയലുകളുടെ സൂക്ഷിപ്പ് തികച്ചും ഉദാസീനമായാണ്. നഗരസഭയിലെ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയറുകൾ ഉൾപ്പെടെയുള്ളവയുടെ വിശദാംശങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തേണ്ട ഹാർഡ് വേർ രജിസ്റ്റർ ഉപരി പരിശോധനയില്ലാതെയാണ് സൂക്ഷിച്ചിരിക്കുന്നത്.
സ്റ്റാന്റിംഗ് കമ്മിറ്റികൾ, വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട മീറ്റിംഗുകൾ, പർച്ചേസ് കമ്മിറ്റി, ഗ്രാമസഭ തുടങ്ങി പ്രധാന മീറ്റിംഗുകളുടെ പോലും മിനിറ്റ്സ് കൃത്യമായി തയാറാക്കുന്നില്ല. പശ്ചാത്തല മേഖലയിലുൾപ്പെടെ വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, മേൽനോട്ടം, പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവ ഇനിയുംമെച്ചപ്പെടേണ്ടതുണ്ട്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഒട്ടും തന്നെ കാര്യക്ഷമമായില്ല. പദ്ധതി നിർവഹണത്തിൽ മോണിട്ടറിംഗ് ഉണ്ടായില്ല. നഗരസഭാ കൗൺസിൽ ചെയർമാൻ സ്ഥാനം തുടർച്ചയായി മാറുകയുണ്ടായതും കൗൺസിലിലെ പ്രശ്നങ്ങളും ആഭ്യന്തരനിയന്ത്രണസംവിധാനങ്ങളുടെ കാര്യക്ഷമതയില്ലായ്മയുടെ ആക്കം കൂട്ടി. ഇപ്രകാരം നഗരസഭയുടെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ ഗുണകരമായിരുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01/11/2015-ൽ നഗരസഭയായതിന് ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല. | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/11/2018 – 12/12/2018 | 2013-14 മുതൽ 2017-18 വരെ | LBA(HQ)II/1 /8A-163 /2017-18 തീയതി 14/01/2019 |

## 1-11 രസീതുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

24.05.2017-ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ

സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1.8.2009 പ്രകാരവും 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രസീതുകളിലൂടെയും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രസീതുകൾ, സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രസീതുകളുടെ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സാംഖ്യാ രസീതുകളിലെ അപാകതകൾ

എ) ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകളിൽ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്റ്റേഷനറി നം. |
|---|---|
| 1 | 0022622 |
| 2 | 0022746 |
| 3 | 0022773 |
| 4 | 0022828 |
| 5 | 0022968 |
| 6 | 0022972 |
| 7 | 0022982 |
| 8 | 0023030 |
| 9 | 0023453 |
| 10 | 0023470 |
| 11 | 0034411 |
| 12 | 0034447 |
| 13 | 0034604 |
| 14 | 0034684 |
| 15 | 0034805 |
| 16 | 0034815 |
| 17 | 0034877 |
| 18 | 0034146 |
| 19 | 0034236 |
| 20 | 0033326 |
| 21 | 0033385 |

ബി) 0029487, 0029488, 0029489 എന്നീ സ്റ്റേഷനറികളിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

2) മാനവൽ രസീതുകളിലെ അപാകതകൾ

മാന്വൽ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല (കെടിസി വാല്യം 1ആർട്ടിക്കിൾ 90 ബി, കുറിപ്പ് 2).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/18.01.2022) അപാകത

ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. രസീതുകളുടെ സൂക്ഷിപ്പിലെ അപാകതകൾ അവയുടെ ദുരുപയോഗത്തിന് കാരണമാകുമെന്നിരിക്കെ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 നിലവിലുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിക്കാതെ വിപുലീകരിച്ച ഭാഗത്തിന് മാത്രമായി നികുതി നിർണ്ണയിച്ചു - അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കണം

നഗരസഭ 28-ാം വാർഡിൽ പി.ജെ. സെബാസ്റ്റ്യൻ, പനച്ചിക്കവലയിൽ, അമ്പാറനിരപ്പേൽ എന്ന വ്യക്തിയുടെ XXVIII/92/A1, XXVIII/92/A2 നമ്പരായി 2019-20 വർഷം വസ്തു നികുതി നിർണ്ണയിച്ചിരുന്നു. 247.80 ചതുരശ്ര മീറ്റർ കെട്ടിടം വിപുലീകരിച്ച ഭാഗത്തിനാണ് പ്രസ്തുത നമ്പരുകളിലായി നികുതി നിർണ്ണയിച്ചത്(കൺവൻഷൻ സെന്റർ ഉപയോഗക്രമം-ച.മീക്ക് 50/- രൂപ). എന്നാൽ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച, കെട്ടിട ഉടമ സമർപ്പിച്ച കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടം(Existing Building) 1074.18 ചതുരശ്ര മീറ്ററും{Ground Floor(GF)-669.58, First Floor(FF)-404.60} വിപുലീകരിച്ച ഭാഗം 247.80 ചതുരശ്ര മീറ്ററും ആണെന്ന് കാണുന്നു. എന്നാൽ സഞ്ചയ ഡേറ്റാബേസ് പ്രകാരം പ്രസ്തുത 1074.18 ചതുരശ്ര മീറ്റർ ഉള്ള കെട്ടിടം പ്രസ്തുത ഉടമയുടെ പേരിൽ വസ്തുനികുതി അസസ്മെന്റ് നടത്തിയതായി കാണുന്നില്ല. ഏതാനും കെട്ടിട നമ്പറുകൾ സഞ്ചയ പ്രകാരം പി.ജെ. സെബാസ്റ്റ്യൻ എന്ന വ്യക്തിയുടെ പേരിൽ അസസ് ചെയ്യപ്പെട്ടതായും കാണുന്നു. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള നിലവിലുള്ള കെട്ടിടത്തിന്റെ നികുതിയാണോ പ്രസ്തുത കെട്ടിട നമ്പരുകളിൽ നിർണ്ണയിക്കപ്പെട്ടത് എന്നത് വ്യക്തമല്ല. ഉടമയുടെ പേരിലുള്ള മറ്റ് കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നം. | Plinth Area | കാലപ്പഴക്കം | ഉപയോഗക്രമം |
|---|---|---|---|
| XXVIII/91 | Cellar-280 | 8 വർഷം | കൺവൻഷൻ സെന്റർ |
| XXVIII/92 | GF-100 | 1 വർഷം | കൺവൻഷൻ സെന്റർ |
| XXVIII/93 | GF-25 | 6 വർഷം | കൺവൻഷൻ സെന്റർ |
| XXVIII/94 | GF-26 | 21 വർഷം | വാണിജ്യാവശ്യം 100 ച.മീ. വരെ |
| XXVIII/95 | GF-18 | 21 വർഷം | വാണിജ്യാവശ്യം 100 ച.മീ. വരെ |
| XXVIII/96 | GF-50 | 21 വർഷം | വാണിജ്യാവശ്യം 100 ച.മീ. വരെ |
| ആകെ | Cellar-280, Ground Floor-219 | | |

നിലവിലുള്ള 1074.18 ചതുരശ്ര മീറ്റർ ഉള്ള കെട്ടിടത്തിന്റെ Ground Floor പ്ലിന്ത് ഏരിയ 669.58 ച.മീ. യും First Floor പ്ലിന്ത് ഏരിയ 404.60 ച.മീ. യുമാണ്(അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ). പ്രസ്തുത വ്യക്തിയുടെ പേരിലുള്ള മറ്റ് കെട്ടിടങ്ങളുടെ ആകെ Ground Floor പ്ലിന്ത് ഏരിയ 219 ച.മീ. മാത്രമാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള First Floor പ്ലിന്ത് ഏരിയ 404.60 ച.മീറ്ററിന് വസ്തുനികുതി നിർണ്ണയം നടന്നതായും സഞ്ചയയിൽ കാണുന്നില്ല.

പി.ജെ. സെബാസ്റ്റ്യൻ എന്ന വ്യക്തി സമർപ്പിച്ച മേൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള നിലവിലുള്ള കെട്ടിടത്തിന്റെ(Existing Building) നികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്ന് അടിസ്ഥാന രേഖകൾ ഉൾപ്പടെ മറുപടി നൽകുന്നതിനും കെട്ടിടം വിപുലീകരിക്കുന്ന സന്ദർഭങ്ങളിൽ പെർമിറ്റ് അനുവദിക്കുമ്പോൾ നിലവിലുള്ള കെട്ടിടം നിയമാനുസൃതമായിട്ടാണോ നിലനിൽക്കുന്നത് എന്ന പരിശോധന നടത്തുന്നത് സംബന്ധിച്ചും വിശദീകരണത്തിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.18/2019-20/13.01.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. നിലവിലുള്ള കെട്ടിടം ക്രമവൽക്കരിച്ച് 1074.18 ചതുരശ്ര മീറ്റർ പ്രകാരമുള്ള നികുതി നിർണ്ണയിച്ച് കെട്ടിടം പൂർത്തിയായ കാലയളവ് പ്രാബല്യത്തിൽ നികുതി ചുമത്തി ഈടാക്കേണ്ടതാണ്. അസസ്മെന്റ് വിശദാംശം, നികുതി ഒടുക്ക് എന്നിവയുടെ വിശദാംശവും അറിയിക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ വിപുലീകരണത്തിന് പെർമിറ്റ് അനുവദിക്കുന്ന/റഗുലറൈസ് ചെയ്യുന്ന സമയത്ത് തന്നെ

നിലവിലുള്ള കെട്ടിടം കൃത്യമായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്നത് റവന്യൂ ഇൻസ്പെക്ടർ, സെക്രട്ടറി, സെകഷൻ ക്ലർക്ക് എന്നിവർ ഉറപ്പാക്കേണ്ടതാണ്.

### 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസ്പിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം ഈരാറ്റുപേട്ട നഗരസഭാ പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മീനച്ചിൽ ബ്ലോക്ക് ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് ബാങ്ക് | 1,2 |

മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/07.01.2022) തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-14 കരാർ നടപടികൾ സ്വീകരിക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത വാടകക്കാരുമായി ആവശ്യമായ ഉപാധികളും വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ലെന്ന് കാണുന്നു. താഴെ കൊടുത്തിട്ടുള്ള വാടകക്കാർക്ക് കരാർ ചമയ്ക്കാതെയാണ് മുറികൾ നൽകിയിട്ടുള്ളതെന്ന് കാണുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം | മുറി നം. | വാടകക്കാരന്റെ പേര്, വിലാസം | പ്രതിമാസ വാടക |
|---|---|---|---|---|
| 1 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 4 | നിയാസ്.വി.എ | 5962 |
| 2 | | 10 | പി.ജെ.ജോൺസൻ | 3795 |
| 3 | | 16 | മുഹമ്മദ് സാലി | 3795 |
| 5 | | 19 | ജോമി ജോസഫ് | 1627 |
| 6 | | 20 | ജോസഫ് തെക്കേൽ | 1627 |
| 7 | | 21 | പി.എം.സവാദ് | 1627 |
| 8 | | 23 | അനസ്.പി.പി | 1627 |
| 9 | | 24 | റെജി.പി..എം | 1627 |
| 10 | | 26 | സാബു മാത്യു | 1627 |
| 11 | | 29 | സജ്ന സൽജാൻ | 1627 |
| 12 | | 32 | കെ.എസ്. മുഹമ്മദ് ബഷീർ | 1627 |
| 13 | | 37 | സ്വാലിഹ്. കെ.എസ് | 3795 |
| 14 | | 38 | എ.കെ.അബ്ദുൾ ഖാദിർ | 5962 |
| 15 | | 4/405 B | നജ്മ സെയ്ദ് | 4545 |
| 16 | | 4/405 D | ഷെറീഫ് കാസിം | 4545 |
| | | 4/405 E | ബഷീർ.ഇ.പി | 4545 |

കൃത്യമായ കരാർ വ്യവസ്ഥകളുണ്ടാക്കാതെയും ഡെപ്പോസിറ്റ് തുക ഈടാക്കാതെയും വാടകയ്ക്ക് മുറികൾ നൽകുന്നതിനാൽ നിയമപരമായി വാടകക്കാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന് സാധിക്കാതെ വരുന്നു. കൂടാതെ വാടക കുടിശിക വരുത്തുന്നവരുടെ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കാനും സാധിക്കാതെ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന സാഹചര്യവും നിലവിലുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തര ഇടപെടൽ ഉണ്ടായി എല്ലാ വാടകക്കാരുമായി കരാർ വെയ്ക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

### 1-15 വാടക ഈടാക്കാൻ നടപടി സ്വീകരിക്കണം

നഗരസഭയുടെ അധീനതയിൽ പ്രവർത്തിക്കുന്ന പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ കടമുറികളിൽ നിന്നും വാടക ഇനത്തിൽ തുക ലഭിക്കുവാനുണ്ട്.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട മുറി നമ്പർ | ഉടമ | കാലയളവ് | നിശ്ചയിച്ച വാടക |
|---|---|---|---|
| 20 | ജോസ് തെക്കേൽ | 04/20 മുതൽ 03/21 വരെ | 1978 |
| 21 | പി.എം.സവാദ് | 04/20 മുതൽ 03/21 വരെ | 1978 |

ജോസ് തെക്കേൽ, പി.എം.സവാദ് എന്നിവർക്ക് നോട്ടീസ് നൽകി സമയബന്ധിതമായി വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് ഇതു സംബന്ധിച്ച് 06.01.22ൽ നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 2)ക്ക് മറുപടി നൽകിയത്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-16 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം ഈരാറ്റുപേട്ട നഗരസഭാ പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ജോർജിയൻ കോളേജ് | 1, 2 |
| 2 | അൽ മാനാർ പബ്ലിക് സ്കൂൾ | 1, 2 |
| 3 | സെന്റ് അൽഫോൺസാ പബ്ലിക് സ്കൂൾ & ജൂനിയർ കോളേജ് | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/17.01.2022) സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-17 നഗരസഭാ വസ്തുവിലെ തേക്കമരങ്ങൾ മുറിച്ചുമാറ്റിയത്. തടികൾ നശിച്ചുപോകാനുള്ള സാദ്ധ്യത നിലനില്ക്കുന്നു

നഗരസഭയുടെ വൈസ് ചെയർമാനായിരുന്ന ബൽക്കീസ് നവാസ് എന്നയാൾ 07-08-2019 ൽ നഗരസഭാ സെക്രട്ടറിക്ക് നല്കിയ കത്തിൽ നഗരസഭയിലെ PWDറെസ്റ്റ് ഹൗസിന് സമീപം മുനിസിപ്പൽ റോഡിനോട്

ചേർന്ന് നിന്നിരുന്ന തേക്ക് മരങ്ങൾ മോഷണം പോയതായി ശ്രദ്ധയിൽ പ്പെട്ടെന്നും അതിൽ പരാതിയുള്ളതായും അറിയിക്കുകയും, നഗരസഭയുടെ മുതൽ നഷ്ടപ്പെട്ടതിൽ അന്വേഷണം വേണമെന്നാവശ്യപ്പെട്ട നല്കിയ കത്തിൽ 100ഇഞ്ചോളം വണ്ണം 50 അടി പൊക്കമുള്ള 7 തേക്ക് മരവും 1 വെള്ളിലാവും ഉൾപ്പെടുന്നതായും അറിയിച്ചു.

പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ 07-08-2019 ലെ H1-7055/19 നമ്പർ കത്തുമുഖേന തടിമോഷണം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറി ഈരാറ്റുപേട്ട പോലീസ് സ്റ്റേഷൻ SHO യ്ക്ക് പരാതി നല്കി.

എന്നാൽ നഗരസഭാ ചെയർമാനായിരുന്ന വി.കെ.കബീർ 08-08-2019 ൽ സെക്രട്ടറിക്ക് നല്കിയ കത്തിൽ ജോസഫ് ഗ്രിഗറി.കെ.വീഡൻ എന്നയാൾ അപകടാവസ്ഥയിലുള്ള തേക്ക് മരം മുറിച്ചുമാറ്റണമെന്നാവശ്യപ്പെട്ട് 26-07-2019 ൽ തനിക്ക് പരാതി നല്കിയതിന്റെയും ,ഇതേ ആവശ്യത്തോടെ ജോസഫ് ഗ്രിഗറി, പാലാ ആർ.ഡി.ഒ യ്ക്ക് നല്കിയ പരാതി തുടർനടപടിക്കായി നഗരസഭാ സെക്രട്ടറിക്ക് നല്കിയതിന്റെയും ,28ാം വാർഡ് കൗൺസിലർ ജോസഫ് മാത്യുവിന്റെ കത്തിന്റെയും അടിസ്ഥാനത്തിൽ അപകടഭീഷണിയുള്ള മരങ്ങൾ മുറിച്ചിടുന്നതിന് ഗ്രിഗറി കെ.വീഡന് താൻ വാക്കാൽ നിർദേശം നല്കിയതായി അറിയിക്കുകയും പോലീസിൽ സെക്രട്ടറി നല്കിയ പരാതിയിൻമേൽ തുടർനടപടി സ്വീകരിക്കുന്നത് നഗരസഭാകൗൺസിൽ തീരുമാനം കൂടി നല്കിയതിന് ശേഷം മതിയെന്ന് പോലീസ് സ്റ്റേഷനിലറിയിക്കണമെന്നും ആവശ്യപ്പെട്ടു .അതിൻ പ്രകാരം 08-08-19ൽ സെക്രട്ടറി H1-3445/19 നമ്പരായി ഈരാറ്റുപേട്ട പോലീസ് ന് കത്തു നല്കുകയും ചെയ്തു.

16-08-19ലെ പ്രത്യേകയോഗത്തിൽ ഈരാറ്റുപേട്ട TB റോഡിന്റെ പുറമ്പോക്കിൽ മുനിസിപ്പാലിറ്റി വകയായിരുന്ന തേക്കുമരങ്ങൾ മുറിച്ചുമാറ്റുന്നതിന് മുനിസിപ്പാലിറ്റി ആക്ട് 15(4)വകുപ്പ് പ്രകാരം മുനിസിപ്പൽ ചെയർമാന്റെ തീരുമാനമനുസരിച്ച് മരങ്ങൾ മുറിച്ചിട്ടത് കൗൺസിൽ യോഗം ചർച്ച ചെയ്യുകയും തടികൾ മോഷണം പോയിട്ടുണ്ടോയെന്ന് അന്വേഷണം നടത്തുന്നതിനും മോഷണം നടന്നതായി ബോദ്ധ്യപ്പെടുന്നപക്ഷം ബന്ധപ്പെട്ടവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ഭൂരിപക്ഷാഭിപ്രായത്തിൽ തീരുമാനിച്ചു.ഈ വിവരം സെക്രട്ടറി പോലീസിൽ അറിയിച്ചിട്ടുമുണ്ട്.

നഗരസഭയുടെ ആസ്തിരജിസ്റ്ററിൽ ടി.ബി.റോഡ്-കോളേജ് റോഡ് എന്ന് രേഖപ്പെടുത്തി ഉൾപ്പെടുത്തിയ വില്ലേജ് റോഡ് ന്റെ വശങ്ങളിലാണ് പ്രസ്തുതമരങ്ങൾ നിന്നിരുന്നത് എങ്കിലും മരങ്ങൾ നിന്ന ഭൂമിയുടെ ഉടമാവകാശം സംബന്ധിച്ച അവ്യക്തത നിലനില്ക്കുന്നുവെന്നാണ് ഫയലുകളിൽ നിന്ന് വ്യക്തമാകുന്നത്.

നഗരസഭ ചെയർമാൻ അനുവാദം നല്കിയതിന്റെ അടിസ്ഥാനത്തിൽ മരങ്ങൾ വെട്ടിയ ജോസഫ് ഗ്രിഗറി വീഡൻ മരങ്ങളുടെയും സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം ഉറപ്പുവരുത്തി നല്കാനാവശ്യപ്പെട്ട് നഗരസഭയ്ക്കെതിരെ ഈരാറ്റുപേട്ട മുനിസിഫ് കോടതിയിൽ സിവിൽ കേസ് (91/21) നല്കിയിരിക്കുകയുമാണ്.

കേസ് രേഖകളനുസരിച്ച് മുറിച്ച് മാറ്റി കഷണങ്ങളാക്കിയിരിക്കുന്ന തേക്ക് മരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) 865 സെ.മീ നീളവും155 സെ.മീ വണ്ണവുമുള്ള തടി കഷണം-1
2) 1070 സെ.മീ നീളവും 104 സെ.മീ വണ്ണവുമുള്ള തടി കഷണം-1
3) 980 സെ.മീ നീളവും1 99 സെ.മീ വണ്ണവുമുള്ള തടി കഷണം-1
4) 1085 സെ.മീ നീളവും198 സെ.മീ വണ്ണവുമുള്ള തടി കഷണം-1
5) 377 സെ.മീ നീളവും1 145 സെ.മീ വണ്ണവുമുള്ള തടി കഷണം-1
6) 470 സെ.മീ നീളവും185 സെ.മീ വണ്ണവുമുള്ള തടി കഷണം-1
7) 660 സെ.മീ നീളവും1180 സെ.മീ വണ്ണവുമുള്ള തടി കഷണം-1
8) 620 സെ.മീ നീളവും1145 സെ.മീ വണ്ണവുമുള്ള തടി കഷണം-1
9) 570 സെ.മീ നീളവും1148 സെ.മീ വണ്ണവുമുള്ള തടി കഷണം-1
10) 290 സെ.മീ നീളവും1110 സെ.മീ വണ്ണവുമുള്ള തടി കഷണം-1
11) 660 സെ.മീ നീളവും1205 സെ.മീ വണ്ണവുമുള്ള തടി കഷണം-1

12) 810 സെ.മീ നീളവും190 സെ.മീ വണ്ണവുമുള്ള തടി കഷണം-1

13) 180 സെ.മീ നീളവും1 90 സെ.മീ വണ്ണവുമുള്ള തടി കഷണം-1

14) രണ്ട് മെട്രിക് ടൺ വിറക്.

മുനിസിപ്പാലിറ്റി നല്കിയ പോലീസ് കേസിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഈ തടികൾ ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്നതായാണ് അറിയുന്നത്.

ഇത്രയും വലിപ്പമുള്ള മരങ്ങൾ സ്വന്തം ഭൂമിയിലാണെന്ന് ഉറപ്പുണ്ടെങ്കിൽ പിന്നെ വെട്ടിമാറ്റുന്നതിന് ആർ.ഡി.ഒ,നഗരസഭ എന്നിവർക്ക് ജോസഫ് ഗ്രിഗറി വീഡൻ അപേക്ഷ നല്കിയതിന്റെ സാഹചര്യം വ്യക്തമല്ല.കൂടാതെ നഗരസഭാ കൗൺസിലിൽ പോലും ചർച്ച ചെയ്യാതെ നഗരസഭയുടെ ആസ്തി രജിസ്റ്ററിലുൾപ്പെട്ട റോഡിന്റെ വശങ്ങളിൽ നിന്ന് വലിപ്പമേറിയ മരങ്ങൾ വെട്ടിമാറ്റുന്നതിന് നഗരസഭാ നിയമം വകുപ്പ് 15(4) ചൂണ്ടിക്കാട്ടി വാക്കാൽ അനുവാദം നല്കിയ നഗരസഭാ ചെയർമാന്റെ നടപടിയും നിയമപരമല്ല. കൂടാതെ ഈ അനുവാദത്തിന്റെ നിയമസാധുത ഉറപ്പാക്കാതെ ലിഖിതമായ രേഖയില്ലാതെ ലക്ഷങ്ങൾ വിലവരുന്ന മരങ്ങൾ മുറിച്ച ജോസഫ് ഗ്രിഗറി വീഡന്റെ പ്രവൃത്തിയും അംഗീകരിക്കത്തക്കതല്ല. വിലയേറിയ മരങ്ങൾ കാലപ്പഴക്കത്തിൽ നശിച്ചുപോകാൻ സാധ്യതയുള്ളതിനാൽ നിയമപരമായ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ പതിയേണ്ടതുണ്ട്.

## 1-18 സാമൂഹിക സുരക്ഷാപെൻഷൻ-പെൻഷണർ മരണമടഞ്ഞതിനുശേഷവും പെൻഷൻ വിതരണം നടത്തിയിരിക്കുന്നു

ഈരാറ്റുപേട്ട നഗരസഭയിലെ 2019-20കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | അനർഹമായ കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1. | സി.എസ്സ്.ഹസ്സൻ | വാർദ്ധക്യകാല പെൻഷൻ | 105350200033 | 26.11.2018 | 12/18-7/19 | 12000 |
| 2. | ഹസ്സൻ കെ.എസ്സ് | വാർദ്ധക്യകാല പെൻഷൻ | 105350200694 | 17.1.19 | 2/19-7/19 | 9000 |
| 3 | തങ്കമ്മ കേശവൻ | വിധവ പെൻഷൻ | 105360600405 | 25.1.19 | 2/19-7/19 | 7200 |
| 4 | മുഹമ്മദ് വി.കെ | വാർദ്ധക്യകാല പെൻഷൻ | 105350200315 | 1.1.2019 | 2/19-7/19 | 9000 |
| 5 | പാത്തുമ്മ മുഹമ്മദ് | വാർദ്ധക്യകാല പെൻഷൻ | 105350200582 | 2.3.19 | 4/19-7/19 | 6000 |
| 6 | മീരാകാസിം | കർഷകതൊഴിലാളി പെൻഷൻ | 105350100063 | 1.3.19 | 4/19-7/19 | 4800 |
| 7. | റ്റി.കെ.ഹംസ | വാർദ്ധക്യകാല പെൻഷൻ | 112640200620 | 1.4.19 | 5/19-7/19 | 4500 |
| 8. | ഫാത്തിമസെയ്ദ് മുഹമ്മദ് | വിധവപെൻഷൻ | 112640200861 | 11.5.19 | 6/19-7/19 | 2400 |
| 9 | യശോധശ്രീധരൻ | വിധവപെൻഷൻ | 105360600340 | 26.5.19 | 6/19-7/19 | 2400 |
| 10 | പി.എം.മുഹമ്മദ് | വാർദ്ധക്യകാല പെൻഷൻ | 105350200817 | 26.1.19 | 2/19-7/19 | 6000 |

| | | | | | | |
|---|---|---|---|---|---|---|
| 11 | കുമാരൻ | വാർദ്ധക്യകാല പെൻഷൻ | 105760200354 | 22.5.19 | 6/19-7/19 | 3000 |
| 12 | ഉമ്മർ എസ്.എച്ച് | വാർദ്ധക്യകാല പെൻഷൻ | 105350200678 | 22.4.19 | 5/19-7/19 | 4500 |
| 13 | സൈനില്ല സി പി | വാർദ്ധക്യകാല പെൻഷൻ | 1126402000634 | 18.2.19 | 3/19-7/19 | 5900 |
| | | | | | ആകെ | 76700 |

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്ന അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല . മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ 7/19 വരെ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ ഈരാറ്റുപേട്ട നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. ഇപ്രകാരം മരണം റിപ്പോർട്ട് ചെയ്തതിനുശേഷം പെൻഷൻ വിതരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/09.01.2022) മറുപടിയായി നിലവിൽ എൻക്വയറിയിൽ ചൂണ്ടിക്കാട്ടിയ 13 പേരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും,ടി വ്യക്തികളുടെ മരണശേഷം അധികമായി നൽകിയിട്ടുള്ള പെൻഷൻ തുക തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് വിശകലനം

| | |
|---|---|
| പ്രോജക്ട് നമ്പർ | 318/19-20 |
| പ്രോജക്ട് | സ്കൂളുകളിൽ ഓൺലൈൻ വാട്ടർ പ്യൂരിഫയർ |
| അടങ്കൽ | 210000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 210000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം., തീയതി | 3/19-20, 12.11.2019 |

ഹെഡ്മാസ്റ്റർ, ഗവൺമെന്റ് ഹൈസ്കൂൾ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ ഫയലുകൾ, വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച സ്ഥലങ്ങൾ തുടങ്ങിയവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. അക്കോർഡ് അക്വാ എഞ്ചിനീയേഴ്സ്, കൊല്ലം, ബയോ സിസ്റ്റംസ് ആന്റ് ഡിവൈസസ്, കൊച്ചി എന്നിങ്ങനെ രണ്ട് സ്ഥാപനങ്ങളാണ് പ്രവൃത്തിക്കുവേണ്ടി ടെണ്ടർ സമർപ്പിച്ചിരുന്നത്. ഇതിൽ കൂടുതൽ തുക ക്വോട്ട് ചെയ്ത അക്കോർഡ് അക്വാ എഞ്ചിനീയേഴ്സ്, കൊല്ലം എന്ന സ്ഥാപനത്തിന് പർച്ചേസ് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ഉറപ്പിച്ച നൽകി.

2. 7 സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ നൽകിയതിൽ ഗവ. ഹൈസ്കൂൾ, ഈരാറ്റുപേട്ട, ഗവ. മുസ്ലീം എൽ പി സ്കൂൾ, ഈരാറ്റുപേട്ട, പി എം എസ് എ പി ടി എം എൽ പി സ്കൂൾ, കടുവാമൂഴി എന്നീ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ ഗവ. ഹൈസ്കൂൾ, ഈരാറ്റുപേട്ട, ഗവ. മുസ്ലീം എൽ പി സ്കൂൾ, ഈരാറ്റുപേട്ട എന്നിവിടങ്ങളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഉപയോഗിക്കുന്നില്ലായെന്ന് കാണപ്പെട്ടു. പി എം എസ് എ പി ടി എം എൽ പി സ്കൂൾ, കടുവാമൂഴി എന്ന സ്ഥാപനത്തിൽ വാട്ടർ

പ്യൂരിഫയർ സ്ഥാപിക്കാത്തതായും വാട്ടർ പ്യൂരിഫയറിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത ഇടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/18.01.2022) ഇതിനു മുമ്പുണ്ടായിരുന്ന ഇംപ്ലിമെന്റിംഗ് ഓഫീസറാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതെന്നും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റേതിന് ഗുണനിലവാരം കുറവായതിനാലാണ് കൂടുതൽ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ നൽകിയതെന്നും കോവിഡ്-19 നെത്തുടർന്ന് കുട്ടികൾ ചൂടുവെള്ളം ഉപയോഗിക്കുന്നതിനാലാണ് നിലവിൽ സ്കൂളുകളിൽ ഇവ ഉപയോഗിക്കാത്തതെന്നും മറുപടി നൽകിയിട്ടുണ്ട്.

നിരീക്ഷണങ്ങൾ

1. സ്ഥാപിച്ച വാട്ടർ പ്യൂരിഫയറുകളുടെ പരിശോധനയിൽ കൂടുതൽ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ നൽകുന്നതിന് കാരണമായി പറയുന്ന ഒളിഗോഡൈനാമിക് അയണൈസേഷൻ സിസ്റ്റം (സിൽവർ ഇലക്ട്രോഡുകൾ) പ്യൂരിഫയറുകളിൽ ഉള്ളതായി കാണുന്നില്ല.

2. വാങ്ങേണ്ട സാധനത്തിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിക്കാതെ ടെണ്ടർ വിളിക്കുകയും പിന്നീട് ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം കൂടുതൽ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചു നൽകുന്ന നടപടി ക്രമപ്രകാരമല്ല.

3. സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ പർച്ചേസ് കമ്മറ്റിയിൽ ഇല്ലായെന്നിരിക്കെ ഉൽപ്പന്നത്തിന്റെ ഗുണനിലവാരം പരിശാധന നടത്തി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ഉൽപ്പന്നം ഗുണനിലവാരം കുറവാണ് എന്ന് ഉറപ്പാക്കിയത് എപ്രകാരമാണ് എന്ന് വ്യക്തമല്ല.

4. കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയതിനാൽ പദ്ധതി ചെലവ് വർദ്ധിച്ചു.

5. പദ്ധതി വിഭാവനം ചെയ്യുന്നതിനു മുമ്പ് സ്കൂളുകളിൽ ഇത്തരത്തിലുള്ള വാട്ടർ പ്യൂരിഫയറിന്റെ ആവശ്യകത ഉറപ്പാക്കിയില്ല.

6. പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് തുടർ പരിശോധന നടത്തുന്നില്ല.

7. പി എം എസ് എ പി ടി എം എൽ പി സ്കൂൾ, കടുവാമൂഴി എന്ന സ്ഥാപനത്തിൽ വാട്ടർ പ്യൂരിഫയർ മരാമത്ത് പ്രവൃത്തികൾ കാരണം അഴിച്ച് സൂക്ഷിച്ചിരിക്കുന്നു എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പരിശോധനയിൽ സുരക്ഷിതമായല്ല സൂക്ഷിച്ചിരിക്കുന്നത് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

8. വാങ്ങേണ്ട സാധനത്തിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിക്കാതെ ടെണ്ടർ വിളിക്കുന്നതിനാൽ മൽസരാധിഷ്ഠിത ടെൻഡർ നടക്കുന്നില്ല.

അക്കോർഡ് അക്വാ എഞ്ചിനീയേഴ്സ്, കൊല്ലം എന്ന സ്ഥാപനം വാട്ടർ പ്യൂരിഫയറിന് ബിൽ തുക നൽകിയിരിക്കുന്നത് താഴെപ്പറയുംപ്രകാരമാണ്.

| ക്രമ നം. | വിവരണം | അളവ് | തുക |
|---|---|---|---|
| 1 | മൾട്ടിമീഡിയ 844 വിത്ത് അയൺ റിമൂവൽ | 1 നം | 22000.00 |
| 2 | 100 എൽപിഎച്ച് ഒളിഗോഡൈനാമിക് അയണൈസേഷൻ സിസ്റ്റം | 1 നം | 12500.00 |
| | ആകെ | | 34500.00 |
| | ഡിസ്കൗണ്ട് | | 2415.00 |
| | നികുതി 18% | | 5775.30 |
| | ആകെ | | 37860.30 |
| | ഡിസ്കൗണ്ട് | | 7860.30 |

| | | | | |
|---|---|---|---|---|
| | | തുക | | 30000.00 |

നിരീക്ഷണം 1 പ്രകാരം ഒളിഗോഡൈനാമിക് അയണൈസേഷൻ സിസ്റ്റം (സിൽവർ ഇലക്ട്രോഡുകൾ) പ്യൂരിഫയറുകളിൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ 7 സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് നൽകിയതിൽ ഒളിഗോഡൈനാമിക് അയണൈസേഷൻ സിസ്റ്റം ഇനത്തിൽ ഒരു സിസ്റ്റത്തിന് 12500/- രൂ നിരക്കിൽ 7 എണ്ണത്തിന്റെ വിലയായ 87500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-20 ബഡ്സ് സ്കൂളിലേയ്ക്ക് വാങ്ങി നൽകിയ പേപ്പർ ക്യാരി ബാഗ് മെഷീൻ - ഉപയോഗരഹിതം

പ്രോജക്ട് നം.295/19 ഫയൽ നം.379/19

ചെലവഴിച്ച തുക 147780/രൂപ ചെക്ക് നം.199128/6.5.19



ഈരാറ്റുപേട്ട നഗരസഭയുടെ കീഴിലുള്ള ബഡ്സ് സ്കൂളിലേയ്ക്ക് 2018-19വാർഷിക പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ച് ബയോ വേ പാക്സ് എന്ന സ്ഥാപനത്തിൽ നിന്നും പേപ്പർ ക്യാരി ബാഗ് മെഷീൻ വാങ്ങി നൽകിയിട്ടുണ്ട്. ജില്ലാമിഷനിൽ നിന്നും അനുവദിച്ച 2 ലക്ഷം രൂപയുടെ ഫണ്ടിൽ നിന്നും 147780/- രൂപ ചെലവഴിച്ചാണ് ഈ മെഷീൻ വാങ്ങി നൽകിയിട്ടുള്ളത്. ബഡ്സ് സ്കൂളിൽ ഭൗതിക പരിശോധന നടത്തിയവേളയിൽ ടി മെഷീനും, അനുബന്ധ സാമഗ്രികളും കെട്ടിടത്തിന് മുകളിലത്തെ നിലയിൽ ഉപയോഗരഹിതമായി കൂട്ടി ഇട്ടിരിക്കുന്നതായി കാണപ്പെട്ടു. ഒക്ടോബർ മാസത്തിൽ ഉണ്ടായ വെള്ളപൊക്കത്തിൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള പേപ്പർ ക്യാരിബാഗ് നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ നഷ്ടപ്പെട്ടതായി ബഡ്സ് സ്കൂൾ അധികൃതർ അറിയിച്ചു.പേപ്പർ ക്യാരിബാഗ് നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ വാങ്ങി നൽകി പേപ്പർ ക്യാരിബാഗ് നിർമ്മാണം പുനരാരംഭിക്കാൻ അവസരമൊരുക്കുകയും ചെയ്യേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ 147780/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-21 പാലിയേറ്റീവ് കെയർ പ്രോഗ്രാം പദ്ധതി - മരുന്ന് പൂർണ്ണമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം

മെഡിക്കൽ ഓഫീസർ എഫ്. എച്ച്. സി 2019-20 വർഷം നിർവ്വഹണം നടത്തിയ പ്രോജക്'ടിന് മരുന്ന് ലഭ്യമാക്കുന്നതിന് മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ തുക ഒടുക്കിയിരുന്നു എങ്കിലും ഒടുക്കിയ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ഒടുക്കിയ തുക | ബിൽ നമ്പർ തീയതി | ലഭിച്ച മരുന്ന് | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|---|---|
| | 229/20 പാലിയേറ്റീവ് കെയർ പ്രോഗ്രാം | 65618/ രൂപ | 1/19-20 22.05.10 | 33717 / രൂപ | 31901 / രൂപ |

31901/ രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 31901/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 സൗരറാന്തൽ -എസ്.സി വിഭാഗം - അധിക നിരക്കിൽ സബ്സിഡി നല്കിയത് നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ – 214/20
അടങ്കൽ – 40400
ചെലവ് തുക – 40000
ഫണ്ട് – ഡെവലപ്മെന്റ് ഫണ്ട് (എസ്.സി.പി)
പ്രോജക്ട് പ്രകാരം ക്വട്ടേഷനുകൾ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നല്കിയ ടെക്നോ സൊല്യൂഷൻസ്, മുണ്ടക്കയം എന്ന സ്ഥാപനത്തിൽ നിന്ന് 8 സൗരറാന്തലുകൾ 5000/രൂപ നിരക്കിൽ വാങ്ങി പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് (പട്ടികജാതി കുട്ടികൾക്ക് സൗരറാന്തൽ) നല്കിയതായി കാണുന്നു.പതിമൂന്നാം പഞ്ചവത്സരപദ്ധതിയുമായി ബന്ധപ്പെട്ട് സബ്സിഡി മാർഗ്ഗരേഖ ,സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ , തീയതി.14-02-2018 അനുസരിച്ച് വൈദ്യുതി എത്താത്ത പ്രദേശങ്ങളിലെ എസ്.സി/എസ്.ടി വിഭാഗം വീടുകൾക്കാണ് സൗരറാന്തൽ അനുവദിക്കാവുന്നത് .കൂടാതെ ഉത്തരവിലെ ഖണ്ഡിക 6-9-4 പ്രകാരം എസ്.സി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് സൗരറാന്തൽ വിളക്കിന് 90% മാത്രമാണ് സബ്സിഡി അനുവദനീയമായത് .എന്നാൽ പ്രോജക്ട് പ്രകാരം എല്ലാ ഗുണഭോക്താക്കൾക്കും 100% സബ്സിഡി അനുവദിച്ചിരിക്കുന്നു.അധികമായി നല്കിയ 500 X 8 = 4000/രൂപയുടെ ചെലവ് നിരാകരിക്കുന്നു.(ട്രഷറിബിൽ നം.06/19-20/30-04-2019,40000/). അധികനിരക്കിൽ അനുവദിച്ച സബ്സിഡി തുക 4000/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

1-23 പി.എം.എ.വൈ വിഹിതം നല്കൽ - ഭവനനിർമ്മാണം നടത്തിയില്ല

നഗരസഭാ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ 190-ാം നമ്പർ പ്രോജക്ടുകൾ പ്രകാരം 132000/(TSP) രൂപ വികസനഫണ്ടിൽനിന്ന് ട്രഷറിബിൽ 32/19-20 /28-11-19 പ്രകാരം മാറി പി.എം.എ.വൈ അക്കൗണ്ടായ 720102010002777, യൂണിയൻ ബാങ്ക് ലേക്ക് നല്കിയിട്ടുണ്ട്. എന്നാൽ എസ്.ടി വിഭാഗത്തിലെ ഗുണഭോക്താക്കളുടെ അഭാവം മൂലം ഭവനനിർമ്മാണത്തിന് തുക വിനിയോഗിക്കാനായില്ല . ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 17/12.01.22) മറുപടിയിൽ തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതാണെന്ന് അറിയിച്ചു.തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-24 അങ്കണവാടി തൊഴിലാളികളുടെ പ്രതിഫല തുക 10.95 ലക്ഷം രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം

2019-20 വർഷത്തെ വികസന ഫണ്ട്(ജനറൽ) വിഹിതം ലഭിച്ച അലോട്ട്മെന്റുകളിൽ നിന്നും അംഗൻവാടി തൊഴിലാളികളുടെ വേതനമിനത്തിലുള്ള തുക 2235-02-102-05-Deduct Amount Transferred From Development Fund Towards Honorarium & Allowance Of Anganwadi Workers And Helpers(NP) ശീർഷകത്തിലേക്ക് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ ഫണ്ട് അലോട്ട്മെന്റ് ഉത്തരവുകളിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു(ഖണ്ഡിക.4). എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള 10.95 ലക്ഷം രൂപ 2019-20 വർഷം ഈരാറ്റുപേട്ട നഗരസഭയിൽ(Local Body Code: M050600) നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല എന്ന് കാണുന്നു. നഗരസഭ സെക്രട്ടറി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടിയിരുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് അലോട്ട്മെന്റ് സർക്കാർ | ട്രാൻസ്ഫർ | ട്രാൻസ്ഫർ |
|---|---|---|

| ഉത്തരവ് | ക്രഡിറ്റ് ചെയ്യേണ്ട തുക | ക്രഡിറ്റ് ചെയ്ത തുക |
| --- | --- | --- |
| സ.ഉ.(സാധാ)നം.2772/2019/ധന, തീയതി 03/04/2019(അനുബന്ധം-4 ക്രമ നം.24) | 365,000/- | ഇല്ല |
| സ.ഉ.(സാധാ)നം.6105/2019/ധന, തീയതി 01/08/2019(അനുബന്ധം-4 ക്രമ നം.24) | 365,000/- | ഇല്ല |
| സ.ഉ.(സാധാ)നം.10050/2019/ധന, തീയതി 21/12/2019(അനുബന്ധം-4 ക്രമ നം.24) | 365,000/- | ഇല്ല |
| ആകെ | 1,095,000/- | ഇല്ല |

മേൽപറഞ്ഞ അലോട്ട്മെന്റ് സർക്കാർ ഉത്തരവുകൾ പ്രകാരം 2019-20 വർഷം ഒടുക്കേണ്ടിയിരുന്ന തുകയിൽ 10.95 ലക്ഷം രൂപ വികസന ഫണ്ട്(ജനറൽ) വകയിരുത്തി പ്രോജക്ട് തയ്യാറാക്കി നിശ്ചിത ട്രഷറി ശീർഷകത്തിൽ ഒടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2019-20/05.01.2022) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ KURDFC വായ്പ തിരിച്ചടവിൽ കൂടുതൽ തുക സ്രോതസ്സിൽ കുറവ് ചെയ്തതിനാലാണ് അങ്കണവാടി ജീവനക്കാരുടെ പ്രതിഫലത്തുക ഒടുക്കാതിരുന്നത് എന്നറിയിച്ചു. എന്നാൽ വികസനഫണ്ട്(ജനറൽ) അലോട്ട്മെന്റ് തൻവർഷം 10.22 ലക്ഷം രൂപ ലാപ്സായതായും കാണുന്നു. പ്രോജക്ട് രൂപീകരിച്ച് തുക ഒടുക്കിയിരുന്നെങ്കിൽ വികസനഫണ്ട് തുക ലാപ്സാകുന്നത് ഒഴിവാക്കാമായിരുന്നു. 2019-20 വർഷം ഒടുക്കേണ്ടിയിരുന്ന 10.95 ലക്ഷം രൂപ 2021-22 വർഷം ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ വാങ്ങി നിശ്ചിത ശീർഷകത്തിൽ അടവാക്കുകയോ വികസന ഫണ്ട് സ്രോതസ്സിൽ കുറവ് വരുത്താൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 മരാമത്ത് പ്രവൃത്തി -ഗുണഭോക്തൃ സമിതിക്ക് ഓവർഹെഡ് ചാർജ് അധികം നൽകി

2019-20 വർഷം മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി. പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേന നടത്തിയ മരാമത്ത് പ്രവർത്തികളിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയുമാണ് ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14.12.2016 ലെ Ind&pwB2/266/2016-Fin കത്ത്, തദ്ദേശ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.5.17 ലെ ഡിബി 3/6512(B)/ 13/CE /ത.സ്വ.ഭ.വ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്നപ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചാൽ മതിയെന്ന നിർദ്ദേശമുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവർത്തികളിൽ ഓവർഹെഡ് ചാർജിനത്തിൽ തുക അധികമായി കൺവീനർക്ക് നൽകാനിടയായി. പ്രൈസ് ഡാറ്റാ പ്രകാരം 16.42 സിമന്റ് കോൺക്രീറ്റിങ്ങ് (1:2:4) എന്ന ഇനത്തിൽ സി.പി.ഒ എച്ച് ഉൾപ്പെടുത്തുന്നതിന് മുമ്പായി ആകെ തുക 4796.23/- എന്നാതാണ്.സി.പി.ഒ.എച്ച് ബാധകമല്ലാത്ത ഇനം 5.9.1 രൂ 78.94 ഒഴിവാക്കി ലഭിക്കുന്ന 4717.29 നോടൊപ്പം സി.പി.ഒ.എച്ച് ഉൾപ്പെടുത്തിയതിന് ശേഷം ബെനഫിഷറി റേറ്റ് 5144.86എന്നതായി മാറി ഇതോടൊപ്പം 37.93% കോസ്റ്റ് ഇൻഡക്സ് (1851.44) ചേർത്ത് ലഭിക്കുന്ന 7096.30 എന്ന നിരക്കാണ് കൺവീനർക്ക് നൽകിയിരിക്കുന്നത്.ഇതിൽനിന്നും ഒ.എച്ച് 7.5% എന്ന അനുവദനീയമായ നിരക്കിലും

കൂട്ടുതലായി 9.06% (5144.86-4717.29 =427.57/4717.29*100 = 9.06%) 9 -7.5 =1.5% നൽകിയതായി കാണുന്നു. ഇപ്രകാരം അധികം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ സർക്കുലർ നം.DB3-9058/17/CE/LSGD തീ.16.3.18 പ്രകാരം 1.7.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരം കുറവ് ചെയ്യാതെയാണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്.5% തുക കുറവ് ചെയ്യാത്തതിനാലും 1.5% അധികം നൽകിയതും ചേർത്ത് ആകെ അധികമായി 6.5% നൽകിയതായി കാണുന്നു.അധികമായി തുക നൽകിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം. | 39/20 |
| പ്രോജക്ടിന്റെ പേര് | പയനിയർ റോഡ് പുനരുദ്ധാരണം |
| അടങ്കൽ | 49000/- |
| കൺവീനർ | നെസ്മൽ പി. യൂസഫ് |
| എം.ബുക്ക് നം1 | 163/20 |
| ബിൽ നം. | 85/19-20 12.03.20 |
| പ്രവർത്തി മൂല്യം | 43514/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43514x0.065/1.09 | 40919/- |
| അധികം നൽകിയ തുക | 2595/- (40919-43514) |

2

| | |
|---|---|
| പ്രോജക്ട് നം. | 151/20 |
| പ്രോജക്ടിന്റെ പേര് | വെട്ടിക്കൽ ഉുങ്കൻ പറമ്പ് റോഡ് കോണ്ടക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | ഷാബു വി.ഇ |
| എം.ബുക്ക് നം1 | 194/20 |
| ബിൽ നം. | 90/19-20 12.03.20 |
| പ്രവർത്തി മൂല്യം | 43695/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43695x0.065/1.09 | 41089/- |
| അധികം നൽകിയ തുക | 2606/- (41089-43695) |

3

| | |
|---|---|
| പ്രോജക്ട് നം. | 154/20 |
| പ്രോജക്ടിന്റെ പേര് | തുണ്ടിയിൽ റോഡ് കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |

| | |
|---|---|
| കൺവീനർ | നദീർ ലെത്തീഫ് |
| എം.ബുക്ക് നം1 | 195/20 |
| ബിൽ നം. | 89/19-20 12.03.20 |
| പ്രവർത്തി മൂല്യം | 43695/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43695x0.065/1.09 | 41089 |
| അധികം നൽകിയ തുക | 2606 (41089-43695) |

4

| | |
|---|---|
| പ്രോജക്ട് നം. | 113/20 |
| പ്രോജക്ടിന്റെ പേര് | കുഴിവേലി വെട്ടിക്കൽ പാത്ത് വെ കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | ഷെഫീക്ക് |
| എം.ബുക്ക് നം1 | 207/20 |
| ബിൽ നം. | 117/19-20 12.03.20 |
| പ്രവർത്തി മൂല്യം | 43745- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43745x0.065/1.09 | 41136/- |
| അധികം നൽകിയ തുക | 2609/- (41136-43745) |

5

| | |
|---|---|
| പ്രോജക്ട് നം. | 80/20 |
| പ്രോജക്ടിന്റെ പേര് | കുറ്റി മരം പറമ്പ് റോഡ് കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | അജ്മൽ |
| എം.ബുക്ക് നം1 | 208/20 |
| ബിൽ നം. | 115/19-20 31.03.20 |
| പ്രവർത്തി മൂല്യം | 42828/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 42828x0.065/1.09 | 40274/- |
| അധികം നൽകിയ തുക | 2554 /-(40274-42828) |

6

| | |
|---|---|
| പ്രോജക്ട് നം. | 330/20 |
| പ്രോജക്ടിന്റെ പേര് | അതിർത്തി റോഡ് ടാറിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | ഫൈസൽ |
| എം.ബുക്ക് നം1 | 182/20 |
| ബിൽ നം. | 88/19-20 12.03.20 |
| പ്രവർത്തി മൂല്യം | 43737/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43737x0.065/1.09 | 41129/- |
| അധികം നൽകിയ തുക | 2608/- (41129-43737) |

7

| | |
|---|---|
| പ്രോജക്ട് നം. | 93/20 |
| പ്രോജക്ടിന്റെ പേര് | മുളന്താനം ടാങ്ക് റോഡ് മെയിന്റനൻസ് |
| അടങ്കൽ | 49000/- |
| കൺവീനർ | മുജീബ് |
| എം.ബുക്ക് നം1 | 160/20 |
| ബിൽ നം. | 77/19-20 12.03.20 |
| പ്രവർത്തി മൂല്യം | 43514/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43514x0.065/1.09 | 40919/- |
| അധികം നൽകിയ തുക | 2595/- (40919-43514) |

8

| | |
|---|---|
| പ്രോജക്ട് നം. | 103/20 |
| പ്രോജക്ടിന്റെ പേര് | പുതുപ്പറമ്പിൽ ലോഡ്ജ് റോഡ് കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | സത്താർ |
| എം.ബുക്ക് നം1 | 197/20 |
| ബിൽ നം. | 91/19-20 16.03.20 |
| പ്രവർത്തി മൂല്യം | 43514/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക | 40919/- |

| | |
|---|---|
| 43514x0.065/1.09 | |
| അധികം നൽകിയ തുക | 2595/- (40919-43514) |

9

| | |
|---|---|
| പ്രോജക്ട് നം. | 63/20 |
| പ്രോജക്ടിന്റെ പേര് | ഹൗറ മസ്ജിദ് കൊണ്ടോട്ടുകുന്നേൽ റോഡ് കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | ദെസ് അലി |
| എം.ബുക്ക് നം1 | 157/20 |
| ബിൽ നം. | 57/19-20 26.02.20 |
| പ്രവർത്തി മൂല്യം | 43521/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43521x0.065/1.09 | 40926/- |
| അധികം നൽകിയ തുക | 2595 (43521-40926) |

10

| | |
|---|---|
| പ്രോജക്ട് നം. | 34/20 |
| പ്രോജക്ടിന്റെ പേര് | കുന്തിപ്പറമ്പ് റോഡ് കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | മാഹിൻ |
| എം.ബുക്ക് നം1 | 198/20 |
| ബിൽ നം. | 101/19-20 29.03.20 |
| പ്രവർത്തി മൂല്യം | 26613/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 26613x0.065/1.09 | 25026/- |
| അധികം നൽകിയ തുക | 1587 (26613-25026) |

11

| | |
|---|---|
| പ്രോജക്ട് നം. | 106/20 |
| പ്രോജക്ടിന്റെ പേര് | സഫ പെരുക്കത്തു ശേരി റോഡ് കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | സഹീർ |
| എം.ബുക്ക് നം1 | 167/20 |
| ബിൽ നം. | 76/19-20 12.03.20 |

| | |
|---|---|
| പ്രവർത്തി മൂല്യം | 43629/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43629x0.065/1.09 | 41027- |
| അധികം നൽകിയ തുക | 2602 (43629-41027) |

12

| | |
|---|---|
| പ്രോജക്ട് നം. | 135/20 |
| പ്രോജക്റ്റിന്റെ പേര് | പുതുപ്പള്ളി തലപ്പള്ളി റോഡ് കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | റഷീദ് |
| എം.ബുക്ക് നം1 | 141/20 |
| ബിൽ നം. | 51/19-20 18.01.20 |
| പ്രവർത്തി മൂല്യം | 43721/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43721x0.065/1.09 | 41114/- |
| അധികം നൽകിയ തുക | 2607 (43721-41114) |

13

| | |
|---|---|
| പ്രോജക്ട് നം. | 102/20 |
| പ്രോജക്റ്റിന്റെ പേര് | പെരക്കത്തുശ്ശേരി വെള്ളാപ്പള്ളി റോഡ് കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | അബ്ദുൾ കരീം |
| എം.ബുക്ക് നം1 | 200/20 |
| ബിൽ നം. | 104/19-20 26.02.20 |
| പ്രവർത്തി മൂല്യം | 43696/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43696x0.065/1.09 | 41090/- |
| അധികം നൽകിയ തുക | 2606 (43696-41090) |

14

| | |
|---|---|
| പ്രോജക്ട് നം. | 340/20 |
| പ്രോജക്റ്റിന്റെ പേര് | എട്ടുപങ്ക് കുന്നം പറമ്പ് റോഡ് കോൺക്രീറ്റിങ്ങ് |

| | |
|---|---|
| അടങ്കൽ | 49000/- |
| കൺവീനർ | സിറാജ് |
| എം.ബുക്ക് നം1 | 164/20 |
| ബിൽ നം. | 82/19-20 12.03.20 |
| പ്രവർത്തി മൂല്യം | 43636/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43636x0.065/1.09 | 41034/- |
| അധികം നൽകിയ തുക | 2602 (43636-41034) |

15

| | |
|---|---|
| പ്രോജക്ട് നം. | 333/20 |
| പ്രോജക്ടിന്റെ പേര് | കുഴിവേലി ശാസ്താം കുന്ന് റോഡ് കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 49000/- |
| കൺവീനർ | ബഷീർ |
| എം.ബുക്ക് നം1 | 200/20 |
| ബിൽ നം. | 156/19-20 26.02.20 |
| പ്രവർത്തി മൂല്യം | 43745/- |
| 6.5% കുറവ് ചെയ്യാത്തതിനാൽ നൽകാവുന്ന തുക 43745x0.065/1.09 | 41136/- |
| അധികം നൽകിയ തുക | 2609 (43745 -41136) |

കൺവീനർക്ക് അധികമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (19/13.01.21)മറുപടി ലഭ്യമാക്കാത്തതിനാൽ കൺവീനർക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് അർഹമായതിലും അധികമായി വേതനം നൽകി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ 2019- 20 വർഷം മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിരിക്കുന്ന തൊഴിൽ ദിനങ്ങളിലും അധികമായി തൊഴിലാളികൾക്ക് വേതനം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രവർത്തിയുടെ പേര് | ചെക്ക് നം | തുക | തൊഴിലാളി കളുടെ പേര് | തൊഴിൽ ദിനങ്ങളുടെ എണ്ണം | നൽകിയ തുക @271/ദിവസം | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|---|---|
| 28ാം വാർഡ് പച്ചക്കറി കൃഷി | 13332/ 19.10.19 | 34920/- | സുലേഖ | 9 | 2710 | 2439 | 271/- |

| | | | | | | | |
|---|---|---|---|---|---|---|---|
| മസ്ററർ റോൾ നം 21/19 | | | | | | | |
| ഇടത്തുംകുന്ന് സ്കൂളിന് പച്ചക്കറികൃഷി മസ്ററർ റോൾ നം 343 | 12387/ 25.6.19 | 28488/- | ഹയർനീസ | 10 | 2981 | 2710 | 271/- |
| 13ാം വാർഡ് നം കൊട്ടുകാപ്പള്ളി തോട് ശുചീകരണം | 11538/ 9.05/19 | 45424/- | നദീറ പാറക്കപ്പറമ്പിൽ | 12 | 3523 | 3252 | 271/- |
| കിരിയാത്തോട്ടം ഭാഗം ഓട ശുചീകരണം | ,, | 50784/- | സലീന സാലി | 7 | 2439 | 1897 | 542/- |
| ആകെ | | | | | | | 1355/- |

യഥാർത്ഥ തൊഴിൽ ദിനങ്ങളിലും അധികമായി തൊഴിലാളികൾക്ക് നൽകിയ വേതനം തിരികെ ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം26/തീയതി 19.01.22) മറുപടി ലഭ്യമാക്കിയില്ല.അധികവേതനം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 നഗരസഭാ ഓഫീസ് കെട്ടിട നിർമ്മാണം പണി മുടങ്ങി ഫണ്ട് നഷ്ടമായി - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം 438/18,240/19-20

2017-2018 സാമ്പത്തിക വർഷത്തെ വികസനപദ്ധതിയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്ത ഈരാറ്റുപേട്ട നഗരസഭ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 25.8.2016 ലെ അഞ്ചാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും 19.03.2018 ലെ എൽ. എസ്.ജി. ഡി റ്റി.എസ് 2017-18/7856 നമ്പർ പ്രകാരം സാങ്കേതിക അനുമതിയും ലഭിച്ചു. അടങ്കൽ തുക വികസനഫണ്ട് 80 ലക്ഷവും തനത് ഫണ്ട് 5 ലക്ഷവും കൂടി ആകെ 85 ലക്ഷം രൂപ വകയിരുത്തി. 22.03.2018 ൽ പ്രവർത്തിക്കായി ഈ- ടെണ്ടർ ചെയ്യുകയും ശ്രീ ജോമി മാത്യു, ശ്രീ പി.എസ് സുനിൽ എന്നീ രണ്ട് കരാറുകാർ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. രൂ 83 11506.52/- എന്ന കുറഞ്ഞ തുക 'ക്വോട്ട് ചെയ്തത് ജോമി മാത്യു എന്ന കരാറുകാരനാണ് എന്നാൽ 19.4.2018 ലെ നാലാം നമ്പർ തീരുമാനപ്രകാരം മുൻസിപ്പൽ കൗൺസിൽ ടെൻഡർ നടപടികൾ നിരസിക്കുകയും റീടെണ്ടർ നടത്താൻ തീരുമാനിക്കുകയും ചെയ്തു.നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിന് നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ പുനപരിശോധന സംബന്ധിച്ച കൗൺസിൽ തീരുമാനത്തിൽ കൗൺസിലർമാർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും, ഓഫീസ് നിർമാണവുമായി ബന്ധപ്പെട്ട ടെണ്ടർ നിരസിച്ചതിനെതിരെ കരാറുകാരനായ ജോമി മാത്യു ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ നൽകിയ കേസ് തീർപ്പ് ആകുന്നതിനും കാലതാമസ്സം നേരിട്ടു. തുടർന്ന് 12.09.2018ലെ കൗൺസിൽ തീരുമാനപ്രകാരം 9.04.2018 ലെ കൗൺസിലിന്റെ നാലാം നമ്പർ തീരുമാനപ്രകാരം ടെണ്ടർ നിരസിച്ചത് പുനപരിശോധിക്കുകയും 22.03.2018 ലെ ടെണ്ടർ അംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ജോമി മാത്യുവുമായി 01.10.2018 ൽ കരാറിലേർപ്പെടുകയും (കരാർ നമ്പർ 23 /എഇ/2018-19) കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് നൽകുകയും ചെയ്തു. തുടർന്ന് ആദ്യ പാർട്ട് ബിൽ പ്രകാരം കരാറുകാരന് തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എം ബുക്ക് നം -16/18-19

ബിൽ നം -13/19-20-04.05.19
ആകെ പ്രവർത്തി മൂല്യം - 309767/-
കുറവ് ചെയ്യുക
ആദായ നികുതി 1%- 3098/-
നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1%- 3098/-
റിടെൻഷൻ 2.5% -7744/-
സി. ജി എസ് ടി 1% 3098/-
എസ്. ജി.എസ് ടി 1%- 3098/-
ആകെ കുറവ് ചെയ്യേണ്ടത് 20136/-
കരാറുകാരനെ നൽകിയത് -2,89,631/-

തുടർന്ന് പ്രവർത്തിപൂർത്തികരിക്കാൻ 19-20 കാലയളവിൽ വാർഷിക പദ്ധതിയിൽ ഫണ്ട് ഇല്ല എന്ന കാരണത്താൽ തുടർ പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ വരികയും നിർമ്മാണം മുടങ്ങി പോവുകയും ചെയ്തു. നിർമ്മാണത്തിനായി 2019 കാലയളവിൽ ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ 02.11.19 ലെ നഗരസഭാ കൗൺസിലിന്റെ 21ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ വകുപ്പിൽ നിന്നോ എക്സ്റ്റേണൽ ഏജൻസിയിൽ നിന്നോ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അത് ഉപയോഗിച്ച് നടപ്പാക്കാനും അതുവരെ പ്രവർത്തി ഫ്രീസ് ചെയ്യുവാനും തീരുമാനിച്ചു. ഫണ്ട് ലഭ്യമാകുന്നതിനും തുടർ നിർമ്മാണം നടത്തുന്നതിനും സ്വീകരിച്ച നടപടികളുടെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. നടപടിക്രമങ്ങളിൽ വന്ന കാലതാമസ്സം നഗരസഭക്ക് ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമായി. വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന്(4/7.01.21) മറുപടി ലഭ്യമാക്കിയില്ല. ഭാഗികമായി ചെയ്ത പ്രവൃത്തി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നത് വരെ മേൽ പ്രോജക്ടിനായി നാളിതുവരെയുള്ള 2,89,631/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 നിക്ഷേപ പ്രവൃത്തികൾ -പൂർത്തീകരിച്ചില്ല

കുഴൽകിണർനിർമ്മാണത്തിനായി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം ഭൂജലവകുപ്പിന് തുക അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയിട്ടുണ്ട്.

| പ്രോജക്ട് | തുക | ഫണ്ട് | ബിൽ/ചെക്ക് |
|---|---|---|---|
| 215/20,വെറ്ററിനറി ആശുപത്രിയിൽ കുഴൽ കിണർ | 38730/ | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 2/19-20 /18-05-20 |
| 216/20,നഗരസഭാ ഓഫീസിൽ കുഴൽക്കിണർ. | 37440/ | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 1/19-20 /18-05-19 |

എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല. മാത്രമല്ല ഭൂജലവകുപ്പുമായി നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി കരാർ വച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 76,170/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 മാലിന്യസംസ്കരണപ്ലാന്റിന് സ്ഥലം വാങ്ങൽ - ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല

നഗരസഭയ്ക്ക് മാലിന്യസംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിനായി തേവരുപാറയ്ക്ക് സമീപം സർവെ നം.24/3-1,24/4 എന്നിവയിലായി ഉൾപ്പെട്ട 25.26(05.26 +20.00)ആർ സ്ഥലം സി.പി.ബഷീർ,ചേലാപീരുപറമ്പിൽ ,അരുവിത്തുറ എന്നയാളിൽ നിന്ന് 05-09-2019 ൽ പൊതുവിഭാഗം വികസനഫണ്ട് 850000/രൂപ,ധനകാര്യകമ്മീഷൻ ഗ്രാന്റ് 1150000/രൂപ വീതം ആകെ 20,00000/രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.എന്നാൽ സ്ഥലം നാളിതുവരെ നഗരസഭയുടെ ആസ്തികളിൽ ഉൾപ്പെടുത്തുകയോ,അതിർത്തിവേലിസ്ഥാപിക്കുകയോ ചെയ്തിട്ടില്ല.ആസ്തി രജിസ്റ്ററിൽ പ്രസ്തുതസ്ഥലം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കൂടാതെ നഗരസഭയുടെ ഉടമസ്ഥതയിലുള്ള എല്ലാ സ്ഥലങ്ങളും അതിർത്തികൾ കൃത്യമാക്കിതിരിച്ച് ആസ്തിരജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

### 1-30 റോഡിതരമെയിന്റനൻസ് ഗ്രാന്റ് - ഭവനപുനരുദ്ധാരണ പ്രോജക്റ്റിന് വിനിയോഗിച്ചത്- സർക്കാർ ഉത്തരവിന്റെ ലംഘനം

നഗരസഭയുടെ വാർഷികപദ്ധതിയിൽപ്പെടുത്തി 2019-20വർഷം ഭവനപുനരുദ്ധാരണ പ്രോജക്റ്റ് ചുവടെ ചേർക്കും പ്രകാരം ഏറ്റെടുത്തിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 238/20,ഭവനപുനരുദ്ധാരണം ജനറൽ-വനിതകൾക്ക്(സ്പിൽഓവർ) | 514809 | 364809 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയിൽ തദ്ദേശസ്ഥാപനങ്ങളുടെ തനത് ആസ്തികളുടെയും അവയ്ക്ക് കൈമാറിക്കിട്ടിയ ആസ്തികളുടെയും മെയിന്റനൻസിനായി റോഡിതരമെയിന്റനൻസ് വിനിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച സർക്കുലറുകളിലൊന്നും ഭവനപുനരുദ്ധാരണത്തിന് വിനിയോഗിക്കാമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നില്ല. വിവിധ സർക്കാർ ഉത്തരവുകളിലും സർക്കുലറിലും നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങൾക്കല്ലാതെ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നത് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നതിന് തുല്യമാണ്. മുൻവർഷ റിപ്പോർട്ടിലും (2018-19) ഇതേ വിഷയം പരാമർശിച്ചിരുന്നതാണ്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ച സാഹചര്യത്തിൽ മേൽ പ്രോജക്റ്റിനായുള്ള 3,64,809/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സൗരറാന്തൽ -എസ്.സി വിഭാഗം.അധിക നിരക്കിൽ സബ്സിഡി നല്കിയത് - നിരാകരിക്കുന്നു

പ്രോജക്റ്റ് നം. 214/20
അടങ്കൽ – 40,400/-
ചെലവ് – 40,000/-

പ്രോജക്റ്റ് പ്രകാരം ക്വട്ടേഷനുകൾ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നല്കിയ ടെക്നോ സൊലൂഷൻസ്,മുണ്ടക്കയം എന്ന സ്ഥാപനത്തിൽ നിന്ന് 8 സൗരറാന്തലുകൾ 5000/രൂപ നിരക്കിൽ വാങ്ങി പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക്(പട്ടികജാതി കുട്ടികൾക്ക് സൗരറാന്തൽ) നല്കി.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുമായി ബന്ധപ്പെട്ട് സബ്സിഡി മാർഗ്ഗരേഖ ,സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ ,തീയതി.14-02-2018 അനുസരിച്ച് വൈദ്യുതി എത്താത്ത പ്രദേശങ്ങളിലെ എസ്.സി/എസ്.ടി വിഭാഗം വീടുകൾക്കാണ് സൗരറാന്തൽ അനുവദിക്കാവുന്നത് . കൂടാതെ ഉത്തരവിലെ ഖണ്ഡിക 6-9-4 പ്രകാരം എസ്.സി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് സൗരറാന്തൽ വിളക്കിന് 90% മാത്രമാണ് സബ്സിഡി അനുവദനീയമായത് . എന്നാൽ പ്രോജക്റ്റ് പ്രകാരം എല്ലാ ഗുണഭോക്താക്കൾക്കും 100% സബ്സിഡി അനുവദിച്ചിരിക്കുന്നു. അധികമായി നല്കിയ 500 X 8 = 4000/രൂപയുടെ ചെലവ് നിരാകരിക്കുന്നു. (ട്രഷറിബിൽ നം.06/19-20/30-04-2019,40000/) അധിക നിരക്കിൽ അനുവദിച്ച

സബ്സിഡി തുക 4000/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഈരാറ്റുപേട്ട നഗരസഭയുടെ 2019-20 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 27/07/2020-ലെ I-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 05/01/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്ടിനായി 2019-20 വർഷം ഈരാറ്റുപേട്ട നഗരസഭയ്ക്ക് മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഫണ്ടുകൾ ഒന്നും ലഭിച്ചില്ല.

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഭൂജല വകുപ്പിൽ(Ground Water Department) 76,170/- രൂപ ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | വെറ്റിനറി ആശുപത്രിയിൽ കുഴൽക്കിണർ നിർമ്മാണം(215/20) | 38,730/- | 0 | 38,730/- |
| | നഗരസഭ ഓഫീസിൽ കുഴൽക്കിണർ നിർമ്മാണം(216/20) | 37,440/- | 0 | 37,440/- |
| ആകെ | | 76,170/- | 0 | 76,170/- |

നിക്ഷേപ തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ നിക്ഷേപ തുക അഡ്വാൻസ് നൽകിയതായി 31/03/2020 ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല. നിക്ഷേപ പ്രവൃത്തികളുടെ വിവരം ഡെപോസിറ്റ് രജിസ്റ്റർ 2019-20 തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേക്കേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 വർഷം കൺവീനർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2019-20വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | G.O(MS) 68/2018/LSGD 18/05/2018 | 23,000,000/- | 86,400,000/- | 8,280,000/- | - | 101,120,000/- |

2018-19 വർഷം ലഭിച്ച വായ്പ തുക 2.3 കോടി രൂപ അക്കൌണ്ട് ചെയ്യാതിരുന്നത് 2019-20 വർഷമാണ് അക്കൌണ്ടിൽ ഉൾപ്പെടുത്തി മുന്നിരിപ്പ് ക്രമീകരിച്ചത്. സെക്രട്ടറിയുടെ 363/20 നം. പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ(General) നിന്നും 8,226,666/- രൂപയും 385/20 നം. പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ(SCP) യിൽ 40,000/- രൂപയും 386/20 നം. പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ(SCP) യിൽ 13,334/- രൂപയും ഉൾപ്പടെ ആകെ 8,280,000/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത് ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

4-6 സ്ഥിരനിക്ഷേപങ്ങൾ

സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം.1121/2016/തസ്വഭവ തീയതി 04/03/2016 പ്രകാരം അനുമതി ലഭിച്ചതിന് ശേഷം 20 ലക്ഷം രൂപ CLEAN KERALA COMPANY LIMITED-ൽ 2016-ൽ നിക്ഷേപിച്ചു. വാർഷിക കണക്കിലെ 2019-20 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഷെയർ നൽകിയ കമ്പനി | CLEAN KERALA COMPANY LIMITED |
| കമ്പനി കോർപ്പറേറ്റ് ഐ.ഡി. | U90000KL2013SGC035624 |
| ഷെയർ ലെഡ്ജർ ഫോളിയോ | N-18 |
| ഷെയർ സർട്ടിഫിക്കറ്റ് നം. | 54 |
| ഷെയറുകളുടെ എണ്ണം | 1000 രൂപയുടെ 2000 എണ്ണം |
| ഷെയർ ഡിസ്റ്റിങ്റ്റീവ് നം. | 91516 മുതൽ 93515 വരെ |
| ഷെയർ എടുത്ത തീയതി | 26/12/2016 |
| 26/12/2016-ലെ ഷെയർ മൂല്യം | 20 ലക്ഷം രൂപ |

2016 വർഷം നിക്ഷേപിച്ച സമയത്തിന് ശേഷം തുടർന്നുള്ള വർഷങ്ങളിൽ നിക്ഷേപത്തിന്റെ മൂല്യം കാലികമാക്കിയിട്ടില്ല.

4-7 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 5,000/- രൂപ വരവുണ്ട്. റിക്കവറി തുക 350200125 ശീർഷകത്തിലാണ് അക്കൌണ്ട് ചെയ്തിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./ തീയതി |
|---|---|---|---|---|
| 2017-18 | 3-22 | 5,000/- | മാനേജർ, മരിയ സദനം ഓർക്കെസ്ട്ര, പാലാ | 119110102186/ 19.07.2019 |

വിമുക്തി പദ്ധതിക്കായി എക്സൈസ് വകുപ്പിൽ നിന്നുള്ള വിമുക്തി ഗ്രാന്റിന്റെ ചെലവഴിച്ച

തുകയിൽ നിന്നാണ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം റിക്കവറി നടത്തിയത്. ബാധ്യത ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിരിക്കുന്ന തുക എക്സൈസ് വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

നഗരസഭയിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഈരാറ്റുപേട്ട നഗരസഭയുടെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈരാറ്റുപേട്ട നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം./ തീയതി | ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|
| 2018-19 | കെ.എസ്.എ.- കെ.ടി.എം.പി17 -108/2020/07.05.2020 | 3-2 | 34,000/- | സാനന്ത്സിങ്ങ്(സെക്രട്ടറി) റോഷ് വില്ല, പാമ്പാട്ടുംകുഴി, പാലൂർകോണം, പാറശാല പി.ഓ., തിരുവനന്തപുരം (Surcharge Notice No.KSA.2873/ Spl Cell/CSC/A1/2020/25.01.2021) |
| | | 3-4 | 4,275/- | സതീഷ് കുമാർ (അസിസ്റ്റന്റ് എഞ്ചിനീയർ) കരിങ്ങാട്ടിൽ വീട്, കൈപ്പുഴ നോർത്ത്, കുളനട(പി.ഓ.), പന്തളം (Surcharge Notice No.KSA.2873/ Spl Cell/CSC/A1/2020(i)/28.06.2021) |
| | | | 4,724/- | ബിജു കെ. (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) വിസ്ഡം ഗാർഡൻ, മണ്ണന്തല പി.ഓ., തിരുവനന്തപുരം (Surcharge Notice No.KSA.2873/ Spl Cell/CSC/A1/2020(ii)/28.06.2021) |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 187,222,963/- |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 153,500,165/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 850,011/- |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4,000/- | സാനന്ദ്സിംഗ് ബി., സെക്രട്ടറി |
| ആകെ | - | 4,000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 87,500/- | ആൻസി, പ്രിൻസിപ്പൽ, ഗവ. എച്ച്.എസ്.എസ്. ഊരാറ്റുപേട്ട |
| 1-21 | 31,901/- | ഡോ. നിഹാൽ മുഹമ്മദ്, മെഡിക്കൽ ഓഫീസർ |
| 1-27 | 2,89,631/- | അതുല്യ എ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-28 | 76,170/- | സാനന്ദ്സിങ്ങ് ബി, സെക്രട്ടറി |
| 1-30 | 364,809/- | സാനന്ദ്സിങ്ങ് ബി, സെക്രട്ടറി |
| ആകെ | 8,50,011/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-12, 1-16

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്നസമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സാനന്ദ്സിംഗ് ബി. മുനിസിപ്പൽ സെക്രട്ടറി | സെക്രട്ടറി, പരപ്പനങ്ങാടി നഗരസഭ, മലപ്പുറം ജില്ല | തോഷ് വില്ല, പാമ്പാട്ടുംകുഴി, പാലൂർക്കോണം(പി.ഓ.), പാറശാല, തിരുവനന്തപുരം- 695020. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/01/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 01/11/2015-31/03/2016 | കെ.എസ്.എ.-കെ.ടി.എം.പി8/91/2017 | 42 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി17/1517/2017/ 19.02.2018 | 26 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി17/191 /2019/ 21.03.2019 | 39 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി17/108 /2020/ 23.10.2020 | 56 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്